IV റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ 26-ാ മത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കാര്യോപദേശക സമിതിയുടെ 26-ാ മത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

V റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ 26-ാമത് റിപ്പോർട്ടിന്റെ പരിഗണന

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കാര്യോപദേശക സമിതിയുടെ 26-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റിപ്പോർട്ട് സഭ അംഗീകരിച്ചു.

VI നിയമനിർമ്മാണകാര്യം

1. വൃക്ഷങ്ങളുടെ സംരക്ഷണം സംബന്ധിച്ച 1984-ലെ കേരള ബിൽ

Sri Kanam Rajendran : Sir, I move that after clause 6, insert the following as clause 6A, namely :—

"6A Constitution and functions of Forest Preservation Advisory Board"

1. The Government may be notification in the Gazette, constitute the Forest Preservation Advisory Board to advise the Government on—
   (a) The steps to be taken to educate the citizens on the necessity of preservation of trees ;
   (b) To organise public opinion against the tendency of indescriminate felling of trees ;
   (c) To Co-ordinate the activities of the various voluntary organisations functioning in the field and to promote awarneess of Social Forestry ;
   (d) The representations or memoranda submitted by individuals or voluntary organisation regarding the indescriminate felling of trees of a grave nature or such other matters and to recommend remedical measures thereto ;
   (e) The propriety or inpropriety of any action taken by the authorities under the Act ; and
   (f) Such other matters as may be prescribed ;
2. The Committee shall consists of the following persons :—
   (a) The Minister in charge of Forest ; Chairman
   (b) A representative of the National Committee on Environmental Planning and Co-ordination ;
   (c) Two members of the Legislative Assembly nominated by the Speaker ;

LIBRARY ARCHIVES Kerala Legislative Assembly

(d) Two representatives of voluntary organisations functioning in the field, nominated by the Government ;

(e) A representative of the Sastra Sahitya Parished nominated by the Government ;

(f) Two Social Workers nominated by the Government ;

(g) The Chief Conservator of Forests ; Ex-officio-

(h) The Secretary to Government in charge of Forest-Ex-officio who shall be the Secretary of the Board ;

3. The term of the Board shall be two years from the date of constitution.

4. The Board shall meet once in three months or as often as may be necessary to transact the business of the Board.

5. The procedure for holding the meeting of the Board shall be such as may be prescribed.

സർ, ഈ 6-ാമത്തെ വകുപ്പിൽ രണ്ടാമത്തെ സബ് ക്ലാസ്സിനുശേഷം 6 (എ) എന്ന ഒരു പുതിയ വകുപ്പ് എഴുതിച്ചേർക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. ഗൗരവതരമായ നിയമനിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മെമ്പറെ തടസ്സപ്പെടുത്തുന്നത് ശരിയല്ല. അതുകൊണ്ട് ഫോറസ്റ്റ് റിസർവേഷൻ അഡൈസറി ബോർഡ് എന്നൊരു ബോർഡ് ഈ കാര്യത്തിനുവേണ്ടി വച്ചുകൊണ്ട് 6 (എ) എന്ന ഒരു പുതിയ വകുപ്പ് എഴുതിച്ചേർക്കണമെന്നുള്ളതാണ് ഞാൻ ഇതിനകത്ത് ചൂണ്ടിക്കാണിക്കുന്നത്. ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടിയാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളതെങ്കിൽ ഇതുപോലുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിക്കുന്നതിനും ഉപദേശങ്ങൾ നൽകുന്നതിനുംവേണ്ടി ഒരു സമിതിയുണ്ടാകുന്നത് വളരെ നല്ലതാണ്. ഇപ്പോഴത്തെ ഫോറസ്റ്റ് ബോർഡ് എന്നൊക്കെ പറഞ്ഞാലും ഇതുപോലുള്ള കാര്യങ്ങൾ കുറെക്കൂടി ഗൗരവത്തോടുകൂടി പരിശോധിക്കാനും ഈ നിയമനിർമ്മാണം നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് ആലോചിക്കാനും വനസംരക്ഷണത്തിന്റെ കാര്യത്തിൽ താല്പര്യം പ്രകടിപ്പിക്കുന്നതുമായ ഒരു സമിതി ഉണ്ടാകുമെങ്കിൽ ആ സമിതിയിൽ ഈ ഗവൺമെന്റിന്റെ പ്രതിനിധികളും അതുപോലെതന്നെ വനം സംരക്ഷിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള വോളന്ററി ഏജൻസി, ശാസ്ത്ര സാഹിത്യപരിഷത്ത് തുടങ്ങിയുള്ള സമിതിയുടെ മെമ്പർമാർ ഉൾപ്പെടുന്ന ഒരു അഡ്വൈസറി ബോർഡ് രൂപീകരിക്കണമെന്നുള്ളതാണ് എന്റെ 69-ാം നമ്പർ ഭേദഗതി.

വനം വകുപ്പുമന്ത്രി (ശ്രീ. കെ പി. നൂറുദ്ദീൻ) : സർ, ഇത് സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള മരം മുറിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുന്ന ഒരു നിയമമാണ്. ഇതിനു മറ്റ് സംഘടനകളെ ഉപേക്ഷിച്ച് ഒരു അഡൈസറി ബോർഡ് ഉണ്ടാക്കുന്നത് ശരിയല്ല.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു. 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു. 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു 7-ാം വകുപ്പ്.

Shri Kanam Rajendran : Sir, I move the following amendments :

70. In clause 7, sub-clause (1) for the words "ninety days" wherever they occur substitute the words "sixty days".

LIBRARY ARCHIVES Kerala Legislative Assembly

72. In clause 7, sub-clause (1) in the proviso for the words "said period of ninety days" substitute the words "said period of sixty days but within a period of one hundred and twenty days."

സർ, ഇതിൽ പറയുന്നത്, അപ്പീൽ കൊടുക്കുന്നതിനുള്ള സമയത്തെ സംബന്ധിച്ചാണ്.

Any person agrieved by an order refusing to grand permission under section 4 or section 5 may within 90 days of receipt of such on order prefer to appeal to appellate authority എന്നാണ് പറയുന്നത്. ഈ 90 ദിവസം ആവശ്യമില്ലെന്നാണ് എന്റെ ഭേദഗതി. 60 ദിവസം ധാരാളം മതി ഇങ്ങനെ ഒരു അപ്പീൽ സമർപ്പിക്കുന്നതിനുവേണ്ടി, അതുകൊണ്ട് ഈ 90 ദിവസം എന്നുള്ളതിന് പകരം 60 ദിവസമായി ചുരുക്കണമെന്നുള്ളതാണ് എന്റെ 7-ാ മത്തെ ഭേദഗതി.

സർ, 72-ാ മത്തെ ഭേദഗതിയും അതുപോലെതന്നെ ഒന്നാണ്. അതിന്റെ പ്രൊവിസോയിൽ പറയുന്നത് Provided that the appellate Authority may admit an appeal preferred after the expiry of the said period of 90 days, if it is satisfied that the Appellant had sufficient cause for not preferring the appeal within the said period. ആ നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കാൻ കഴിയാത്ത ആളുകളെ സംബന്ധിച്ചിടത്തോളം അപ്പലേറ്റ് അതോറിറ്റിക്ക് ഈ കാര്യങ്ങൾ പരിഗണിച്ചശേഷം എപ്പോൾ വേണമെങ്കിലും തീരുമാനമെടുക്കാമെന്നാണ് പറയുന്നത്. അതിന് ഒരു മാറ്റം ആവശ്യമാണ്. അതുകൊണ്ടാണ് ഞാൻ പറയുന്നത് ഈ 90 ദിവസം എന്നുള്ളത് അമെൻഡ് ചെയ്ത് 60 ദിവസമാക്കണമെന്നുള്ളതിനോടൊപ്പം തന്നെ 120 ദിവസത്തിനുള്ളിൽ കവിയാത്ത സമയത്തിനുള്ളിൽ ഇതിൻമേൽ ഒരു തീരുമാനമെടുക്കണമെന്ന്. അതല്ലെങ്കിൽ ഈ നിയമം നടപ്പിലാക്കുന്നതിന് എത്രയോ നാളുകൾക്ക് മുമ്പുള്ള കാര്യങ്ങൾ ഉൾപ്പെടെ വേണമെങ്കിൽ ഇനിയും ഈ അതോറിറ്റിക്ക് പരിശോധിക്കാമെന്നുള്ള ഒരു സാഹചര്യം വരും. അതുകൊണ്ട് 120 ദിവസത്തിന കളിൽ ഇത് പരിഗണനയിൽ എടുക്കണമെന്നുള്ളതാണ് 72-ാ മത്തെ ഭേദഗതി.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, നമ്മുടെ നാട്ടിലുള്ള എല്ലാ നിയമങ്ങളിലും 90 ദിവസം ഇതുവരെ ഒരിടത്തും അപ്പീൽ കാലാവധി നിശ്ചയിച്ചിട്ടില്ല. ഒരു നിയമത്തിലും ഇല്ല. കേരളത്തിലുള്ള, ഇൻഡ്യയിലുള്ള ഒരു നിയമത്തിലും 90 ദിവസം അപ്പീൽ കാലാവധി ഇന്നുവരെ നിശ്ചയിച്ചിട്ടില്ല. ഞാൻ അത് വിശദമാക്കാം. നമ്മുടെ ലിമിറേഷൻ ആക്ട് എടുത്താലും, സെൻട്രൽ ആക്ട് എടുത്ത് പരിശോധിച്ചാലും അത് മനസ്സിലാക്കാം. 90 ദിവസം ഒരിക്കലും അപ്പീലിന് കൊടുക്കാറില്ല. നേരെ മറിച്ച് റിവിഷന് 90 ദിവസം കൊടുക്കാം. പക്ഷെ ഈ കാര്യത്തിൽ 60 ദിവസം എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി ഈ രാജ്യത്തുള്ള എല്ലാ നിയമങ്ങളും സാമാന്യമായി നോക്കിയിട്ടുള്ള ഒരാൾ എന്നുള്ള നിലയിൽ ഞാൻ വിനീതമായി പറയുകയാണ്. 60 ദിവസം മതി 90 ദിവസത്തിന്റെ ആവശ്യമില്ലെന്ന്. അങ്ങനെയാണെങ്കിൽ കാലതാമസം വരും. ഈ നിയമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളെപ്പോലും അത് പരാജയപ്പെടുത്തും. അതുകൊണ്ട് ഈ സാഹചര്യത്തിൽ ഞാനും ശ്രീ. രാജേന്ദ്രനും ഉന്നയിച്ചിട്ടുള്ള 60 ദിവസം എന്നുള്ളത് സ്വീകരിക്കണം. അത് ഈ നിയമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്ക് ആവശ്യമാണ്. അതുകൊണ്ട് യാതൊരു അപകടവും ഇല്ലെന്നാണ് ഒരിക്കൽക്കൂടി ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, 90 ദിവസം എന്നതുകൊണ്ട് പ്രത്യേകമായിട്ട് ഒരു അപകടവും വരാനില്ല. അതുകൊണ്ട് 90 ദിവസം എന്നത് 60 ദിവസമാക്കി ചുരുക്കേണ്ട കാര്യമില്ല. രണ്ടാമത്തേത് ഇവിടെ സമയപരിധി നിശ്ചയിക്കണമെന്ന് പറഞ്ഞതിനും ന്യായമില്ല. മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ മാത്രമേ അപ്പലേറ്റ് അതോറിട്ടിക്ക് ഈ പ്രശ്നം പരിഹരിക്കേണ്ടതുള്ളൂ. അതുകൊണ്ട് അതിന്റെ സമയപരിധി നിശ്ചയിക്കേണ്ട കാര്യമില്ല.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച 70-ാം നമ്പർ ഭേഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച 72-ാം നമ്പർ ഭേഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭാ വോട്ടിനിട്ടു അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്

ശ്രീ. കാനം രാജേന്ദ്രൻ : Sir, I move that After clause 7 add the following as clause 7 A name ?

"7 A. The Authorised Officer when considering an application under section 6 and the Appellate Authority when entertaining an appeal under section 7 shall, on a request from any person including representatives of any voluntary organisation interested in the preservation of trees, give an opportunity of being heard before granting an application or allowing an appeal as the case may be if the area involved is over and above one hectare of land.

സർ, പലപ്പോഴും തർക്കങ്ങൾ ഉണ്ടാകുന്ന സാഹചര്യമാണുള്ളത്. അപ്പോൾ ഒരു തീരുമാനമെടുക്കുമ്പോൾ ഈ കാര്യത്തിൽ വനസംരക്ഷണത്തിൽ താൽപ്പര്യമുള്ള സംഘടനകളുടെ അഭിപ്രായംകൂടി കേൾക്കാനും അവരുടെ അഭിപ്രായങ്ങൾ കൂടി പരിഗണിക്കാനും തയ്യാറാകണമെന്നാണ് ഞാൻ ഈ ഭേഗതികൊണ്ട് ഉദ്ദേശിക്കുന്നത്. സെക്ഷൻ-6 അനുസരിച്ച് അപ്പലേറ്റ് അതോറിറ്റി സെക്ഷൻ-7 അനുസരിച്ചുള്ള അപ്പീൽ സ്വീകരിക്കുന്ന സമയത്ത് ഏതെങ്കിലും വോളൻറ്റി ഓർഗനൈസേഷനുകളിൽ നിന്നോ സന്നദ്ധസംഘടനകളിൽ നിന്നോ ഇതിൽ താൽപ്പര്യമുള്ള ആളുകൾ അപേക്ഷ കൊടുത്താൽ വനം മുറിക്കലിനെ കുറിച്ച് ശാസ്ത്ര-സാഹിത്യ പരിഷത്ത് അങ്ങേക്ക് പെറ്റീഷൻ നൽകുകയും അതിന്റെയടിസ്ഥാനത്തിൽ നിയമസഭാ കമ്മിറ്റി ആ കാര്യങ്ങൾ പരിശോധിക്കുകയും റിപ്പോർട്ട് കൊണ്ടുവരികയും ചെയ്യുന്നു. ഇപ്പോൾ നമ്മുടെ നാട്ടിൽ ഇത്തരം കാര്യങ്ങളിൽ വളരെ കൂടുതൽ താൽപ്പര്യമെടുത്തുകൊണ്ട് സന്നദ്ധ സംഘടനകൾ മുന്നോട്ട് വന്നിട്ടുണ്ട്. അങ്ങനെ ഗവൺമെന്റോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥനോ നൽകുന്ന അനുമതിയെ സംബന്ധിച്ചിടത്തോളം തർക്കങ്ങളോ അഭിപ്രായ വ്യത്യാസങ്ങളോ ഉണ്ടാകുകയാണെങ്കിൽ അതിനെക്കുറിച്ച് അപ്പീൽ സമർപ്പിക്കുന്ന സമയത്ത് ഈ സംഘടനകളുടെ അഭിപ്രായങ്ങൾ കേൾക്കാനും അവരുടെ അഭിപ്രായങ്ങൾ മാനിക്കുന്നതിനും തയ്യാറാകണം. അതിനുവേണ്ടി പുതിയ ഒരു സെക്ഷൻ എഴുതി ചേർക്കണം എന്നുള്ളതാണ് എന്റെ ഭേഗതി.

LIBRARY ARCHIVES Kerala Legislative Assembly

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, നേരത്തെ ഒരു ഭേഗതിയിൽ ഇത് ഞാൻ പറഞ്ഞു. സാമൂഹ്യ സംഘടനകളെ വന സംരക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുന്നതിന് ഗവൺമെൻറിന് താൽപ്പര്യ മുണ്ടെങ്കിലും ഇത് സ്വകാര്യ വ്യക്തികളുടെ കൈയിലുള്ള സ്ഥലത്തെ മരം മുറി നിയന്ത്രിക്കുന്നതായതുകൊണ്ട് അതിൻെറ കാര്യങ്ങളിൽ സാമൂഹ്യ സംഘടനകളുടെ അഭിപ്രായം കൂടി ആരായുകയെന്നു പറയുന്നത് വളരെ വിഷമമുണ്ടാക്കുന്ന കാര്യമായിരിക്കും. അതുകൊണ്ട് അത് ഇതിൽ ഉൾപ്പെടുത്താൻ നിവർത്തിയില്ല സർ.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേഗതി സഭ നിരാകരിച്ചു.

7-ാം വകുപ്പ് ബില്ലിൻെറ ഭാഗമായി സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിൻെറ ഭാഗമായിത്തീർന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : താഴെ പറയുന്ന ഭേഗതി അവതരിപ്പിക്കുന്നു.

In clause 8 sub-clause (2) add the following at the end, namely :—

"and in exceptional cases Government can do so to rectify any patent illegality"

സർ, ഈ നിയമത്തിൽ ആകെയുള്ള റിവിഷനുവേണ്ടിയുള്ള ഒരു വകുപ്പാണ് ഇത്. അതായത് ഗവൺമെൻറിന് ഇതിനെ സംബന്ധിച്ച് പരിശോധിക്കാനും തെറ്റുകളുണ്ടെങ്കിൽ തിരുത്താനും അധികാരം നൽകുന്നതാണ് ഈ വകുപ്പ്. സർ, റിവിഷൻ രണ്ടു വിധത്തിലാകാം, അഗ്രീവ്ഡ് പാർട്ടിക്ക് റിവിഷൻ ആവശ്യപ്പെടാം. ഒരു റിവിഷൻ റിട്ട് ഫയൽ ചെയ്തത് ഗവൺമെൻറിനെ കൊണ്ട് പരിശോധിപ്പിച്ച് യുക്തമായ തീരുമാനങ്ങളെടുക്കാൻ ഒരു കക്ഷിക്ക് പെറ്റിഷണർ എന്നുള്ള നിലയ്ക്ക് സാധിക്കും. എന്നാൽ ആരും പരാതി പെട്ടില്ലെങ്കിലും തകരാറുകളുണ്ടെങ്കിൽ Suomoto ഗവൺമെൻറിന് സ്വന്തമായിട്ട് തന്നെ അത് എടുത്തു പരിശോധിക്കാനും തെറ്റുകൾ തിരുത്തി അത് റെക്ടിഫൈ ചെയ്യാനും അധികാരം നൽകുന്നതാണ് ഈ റിവിഷൻ കൊണ്ട് ഉദ്ദേശിക്കുന്നത്. ഏത് ഗവൺമെൻറായാലും ഗവൺമെൻറാണല്ലോ ? ഗവൺമെൻറിനെ സഹായിക്കാൻ വേണ്ടിയാണ് ഒരു കാര്യം പറയുന്നത്. അതായത് എൻെറ ഭേഗതിയനുസരിച്ച് ഏതെങ്കിലും പേറൻറ് ഇല്ലീഗാലിറ്റി ഉണ്ടെങ്കിൽ ഗവൺമെൻറിന് അതു സ്വന്തമായി തിരുത്താനുള്ള അവകാശമുണ്ടായിരിക്കണം. ഈ നിയമത്തിൽ 60 ദിവസം കഴിഞ്ഞാൽ എന്തു കുഴപ്പമുണ്ടെങ്കിലും തെറ്റുണ്ടെങ്കിലും പരിശോധിക്കാൻ ഗവൺമെൻറിന് അധികാരമില്ല. അത് ശരിയല്ല. പേറൻറ് ഇല്ലീഗാലിറ്റി ഉണ്ടെങ്കിൽ ഏത് അവസരത്തിലും ഗവൺമെൻറിന് അത് പുനഃപരിശോധിക്കാനുള്ള അധികാരം നൽകുന്ന ഒരു ഭേഗതിയാണ് ഞാൻ തരുന്നത്. നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി അല്ല ഏതു മന്ത്രി ആ സ്ഥാനത്ത് ഇരുന്നിരുന്നാലും ഒരു തെറ്റുണ്ടെങ്കിൽ 60 ദിവസത്തിനകം അത് ഗവൺമെൻറിൻെറ ദൃഷ്ടിയിൽപ്പെട്ടുകൊള്ളണമെന്നില്ല. ഒരു പക്ഷേ ഒരു പേറൻറ് ഇല്ലീഗാലിറ്റി 60 ദിവസം കഴിഞ്ഞതിനുശേഷമായിരിക്കും ഗവൺമെൻറിൻെറ ശ്രദ്ധയിൽ വരിക. Illegality is always an illegality ഒരു നിയമവിരുദ്ധമായ നടപടി എക്കാലവും നിയമവിരുദ്ധമായിരിക്കും. അതുകൊണ്ട് ഗവൺമെൻറിന് ഏത് അവസരത്തിലും പേറൻറ് ആയിട്ടുള്ള ഇല്ലീഗാലിറ്റി കറക്ട് ചെയ്യാൻ ഈ നിയമത്തിൽ ഭേഗതി വരുത്തണമെന്നാണ് ഞാൻ പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, 8(3)-ലെ പ്രൊവിസോ ഈ കാര്യം കണക്കിലെടുക്കുന്നുണ്ട്. പ്രത്യേക സാഹചര്യത്തിൽ ഗവൺമെന്റിന് ഉത്തരവ് പുറപ്പെടുവിക്കാനുള്ള അധികാരവും അതിലുണ്ട്, അതുകൊണ്ട് ഇത് പ്രത്യേകമായി പരിഗണിക്കേണ്ട കാര്യമില്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

9-ാം വകുപ്പ്

ശ്രീ. കാനം രാജേന്ദ്രൻ : സർ, 75, 82, 83, 84, 85 ഇവയെല്ലാം ശിക്ഷ കൂട്ടണമെന്നുള്ള എന്റെ ഭേദഗതികളാണ്. ബഹുമാനപ്പെട്ട മന്ത്രി അത് അംഗീകരിച്ചേക്കുമോയെന്ന് ഭയപ്പെട്ട് ഞാൻ അത് മൂവ് ചെയ്യുന്നില്ല.

SHRI V. J. Thankappan : Sir, I move that

1. "In clause 9 sub-clause (a) for the words "six months" substitute the words "one month" and for the words "two years" substitute the words "six months".

2. Sir, I move that

in clause 9 sub-clause (b) for the words "one year" substitute the words "six months" and for the words "three years" substitute the words "one year".

സർ, പെനാൽറ്റിയെ സംബന്ധിച്ചുള്ള കാഴ്ചപ്പാടിൽ പല വ്യത്യസ്തമായ വീക്ഷണങ്ങളുണ്ട്. എന്റെ അഭിപ്രായത്തിൽ പെനാൽറ്റി കൂടി എന്നുള്ള ഒരൊറ്റ കാരണംകൊണ്ട് കുറ്റകൃത്യങ്ങൾ ചെയ്യപ്പെടാതിരിക്കാൻ പോകുന്നില്ല. അതുകൊണ്ട് പെനാൽറ്റി ഇഷ്ടംപോലെ അടിച്ചുകയറ്റുകയാണ്. അയ്യായിരം രൂപയെന്നോ മൂന്നു വർഷമെന്നോ പറഞ്ഞതുകൊണ്ട് മരം മുറിക്കാതിരിക്കാൻ പോകുന്നില്ല. മരം മുറിക്കാതിരിക്കണമെങ്കിൽ അതിനുള്ള പ്രത്യേക സംവിധാനമുണ്ടാകണം; അത് പരിശോധിക്കാനുള്ള സംവിധാനമുണ്ടാകണം. അതുകൊണ്ട് മരം മുറിക്കുന്ന ഒഫൻസിനെ സംബന്ധിച്ച് മാത്രമല്ല ഏത് ഒഫൻസിനെ സംബന്ധിച്ച് ആയാലും ആ ഒഫൻസിന് കൊടുക്കാവുന്ന പണിഷ്മെന്റിന് ഒരു അതിരുണ്ട്. ഇവിടെ ഒരു വൃക്ഷം മുറിക്കുന്നതിന് അതിന്റെ ഒഫൻസ് എന്നുള്ള നിലയിൽ കൊടുത്തിരിക്കുന്ന ശിക്ഷ ആറു മാസം മുതൽ രണ്ട് വർഷം വരെയാണ്. സർ, അത് വളരെ കൂടുതലാണ്. ഒരു മരം മുറിച്ചാലുള്ള ഒഫൻസ് ആറു മാസം മുതൽ രണ്ടു വർഷം വരെയെന്നുള്ള ഫസ്റ്റ് ഒഫൻസിനെ സംബന്ധിച്ച് വളരെ കൂടുതലാണ്. അതുകൊണ്ട് അത് ഒരു മാസവും മാക്സിമം ആറു മാസവുമായി നിജപ്പെടുത്തണമെന്നുള്ളതാണ് എന്റെ ഭേദഗതി.

രണ്ടാമത്തേത് 89-ാമത്തെ ഭേദഗതിയാണ്. അത് സെക്കൻറ് ഒഫൻസിനെ സംബന്ധിച്ചാണ്. സെക്കൻറ് ഒഫൻസ് കൊടുത്തിരിക്കുന്നത് ഒരു വർഷം മുതൽ മൂന്നു വർഷം വരെയാണ്. അതും വളരെ കൂടുതലാണ്. അതുകൊണ്ട് അതിനേയും പരിമിതപ്പെടുത്തി ആറു മാസം മുതൽ ഒരു വർഷംവരെയെന്നുള്ളതാക്കണം എന്നതാണ് എന്റെ ഭേദഗതി. ഇതു രണ്ടും സാധാരണഗതിയിൽ അക്സപ്റ്റ് ചെയ്യാവുന്നതാണ്. മന്ത്രി അക്സപ്റ്റ് ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

9-ാം വകുപ്പ്

Shri K. Chandrasekharan : Sir, I move the following Amendments.

1. In clause 9 Sub-clause (a) for the words "which shall not be less than" substitute the words " which may extend to".
2. In clause 9 Sub-clause (a) delete the words "but which may extend to two years".
3. In clause 9 Sub-clause (a) for the words "which shall not be less than five hundred rupees" substitute the words "which may extend to five hundred rupees".
4. In clause 9 Sub-clause (a) delete the words "but which may extend to two thousand rupees".
5. In clause 9 Sub-clause (b) for the words "which shall not be less than" substitute the words "which may extend to".
6. In clause 9 Sub-clause (b) delete the words "but which may extend to three years".
7. In clause 9 Sub-clause (b) for the words "which shall not be less than one thousand rupees" substitute the words "which may extend upto one thousand rupees".
8. In clause 9 Sub-clause (b) delete the words "but which may extend to five thousand rupees".

സർ, ഞാൻ ഈ ഭേഗതികളെല്ലാം അവതരിപ്പിക്കുന്നു. ബഹുമാനപ്പെട്ട വി. ജെ. തങ്കപ്പൻ പറഞ്ഞ വാഗേതികളോട് ഞാൻ യോജിക്കുന്നു. കൂടാതെ ആദ്യം തന്നെ ഒരു കുറ്റം ചെയ്യുമ്പോൾ അതിനൊരു ചുരുങ്ങിയ ശിക്ഷ നിയമത്തിൽത്തന്നെ വയ്ക്കുകയെന്നുള്ളത് സാധാരണ പതിവില്ല. അത് ശരിയല്ലെന്ന് എനിക്ക് തോന്നുന്നു. ആദ്യത്തെ കുറ്റത്തിനുള്ള ശിക്ഷ എന്താണെന്ന് കല്പിക്കുവാനുള്ള വിവേചനാധികാരം കോടതിക്ക് വിട്ടുകൊടുക്കേണ്ടതാണ്. രണ്ടാമത് റിപ്പീറ്റ് ചെയ്യുകയാണെങ്കിൽ അതിനുള്ള പണിഷ്മെന്റ് നിയമത്തിൽ വയ്ക്കാം. ഇവിടെ മിനിമം പണിഷ്മെന്റ് വളരെയധികമാണ്.

Shri Varkala Radhakrishnan : Sir, I move that in clause 9 add the following as sub-clause (c) namely :—

"(c) In the case of habitual offenders imprisonment as provided in clause (b) shall be mandatory".

സർ, ഞാൻ എന്റെ 90-ാം നമ്പർ ഭേഗതി അവതരിപ്പിക്കുകയാണ്. നിരന്തരമായി കുറ്റം ചെയ്യുന്ന ആളുകളുണ്ട്. മനഃപൂർവ്വം ഈ വൃക്ഷങ്ങളെല്ലാം വെട്ടി മുറിക്കുകയെന്നുള്ളത് ഒരു ഹാബിച്വൽ ആക്കിയിട്ടുള്ള ഒഫെൻഡേഴ്സിനെ സംബന്ധിച്ചിടത്തോളം ഇംപ്രിസൺമെന്റ് കമ്പൽസറിയാക്കണം. ഇപ്പോൾ എത്ര കുറ്റം ചെയ്താലും ഫൈൻ മാത്രമായിട്ട് ഒതുക്കുന്ന ഈ സംവിധാനത്തിന് മാറ്റം വരുത്തി, ഹാബിച്വൽ ഒഫെൻഡേഴ്സിനെ സംബന്ധിച്ചിടത്തോളം imprisonment shall be demanded അതുകൊണ്ട് അക്കാര്യത്തിൽ ഒരു ഭേഗതി ആവശ്യമാണ്. ഹാബിച്വൽ ഒഫെൻഡേഴ്സിനെ സാധാരണ കുറ്റവാളികളെപ്പോലെ കരുതാൻ പാടില്ല. അവർക്ക് പ്രത്യേകമായ ശിക്ഷകളും പണിഷ്മെന്റുകളും കൊടുക്കണം. അതിനാവശ്യമായ ഭേഗതി മന്ത്രി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, ഈ ശിക്ഷകൾ ഇപ്പോൾ നിലവിൽ നിശ്ചയിച്ചതിനേക്കാൾ കൂട്ടണമെന്നുള്ള ഭേഗതിയും

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മെമ്പർ അവതരിപ്പിച്ചിട്ടുണ്ട്. അതൊക്കെ പ്രസ്സ് ചെയ്തി ല്ലെങ്കിലും കുറയ്ക്കണമെന്നുണ്ട്. ഇതെല്ലാംകൂടി കണക്കിലെടുത്ത് നിയമവിരുദ്ധമായിട്ട് മരം മുറിക്കുന്നതിനെ നിയന്ത്രിക്കാൻ വേണ്ടിയുള്ള താണിത്. ശിക്ഷയുടെ തോത് മാത്രമല്ല. നിയന്ത്രിക്കേണ്ടത് ശരിയാണെ ങ്കിൽപ്പോലും അതുകൂടി കുറ്റകൃത്യം ചെയ്യുന്നതിനുള്ള പ്രേരണയാണ്. അതുകൊണ്ട് അത് വർദ്ധിപ്പിക്കേണ്ട കാര്യമില്ല. അതേയവസരത്തിൽ അത് കുറയ്ക്കേണ്ട ആവശ്യവുമില്ല. ബഹുമാനപ്പെട്ടവർക്കല രാധാകൃഷ്ണൻ ഇവിടെ പറഞ്ഞതുപോലെ പിന്നെയും കുറ്റങ്ങൾ ആവർത്തിച്ച് ചെയ്യുന്നപക്ഷം അവർക്ക് ജയിൽശിക്ഷ വിധിക്കാനുള്ള വ്യവസ്ഥയും ഇപ്പോഴുണ്ട്.

ശ്രീ. വി. ജെ. തങ്കപ്പൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. ചന്ദ്രശേഖരൻ അവതരിപ്പിച്ച ഭേദഗതികളും സഭ നിരാകരിച്ചു.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു. 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

10-ാം വകുപ്പ്

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഞാൻ എന്റെ ഭേദഗതി അവതരി പ്പിക്കുന്നു.

In clause 10 at the end of item (a) of the explanation to sub-clause (2) add the following namely :—"functioning under a statute ; and"

സർ, ഇത് കമ്പനികളുടെ നിർവ്വചനത്തിൽ ഉൾപ്പെടുത്തേണ്ട ഒരു കാര്യ മാണ്. ഞാൻ 91-ാം നമ്പർ ഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണെന്ന് വച്ചാൽ ഇന്ന് നിയമത്തിൽ കൊടുത്തിരിക്കുന്ന ഈ പ്രസക്തമായ വകുപ്പിൽ വേണ്ടത്ര വ്യക്തതയില്ല എന്നാണ്. കമ്പനി എന്ന് പറഞ്ഞാൽ അൺരജി സ്റ്റേർഡ് കമ്പനിയുമാകാം. There are unregistered companies. അതുകൊണ്ട് ഒരു സ്റ്റാറ്റ്യൂട്ട് അനുസരിച്ച് പ്രവർത്തിക്കുന്ന കമ്പനി എന്നാക്കണം. അല്ലെങ്കിൽ ബ്ലേഡ് കംപനിയുമാകാം. ഈ ബ്ലേഡ് കമ്പനി കളും നമ്മുടെ കമ്പനികളല്ലല്ലോ. അവയും കമ്പനികളാണ് എന്നാണ് അറിയ പ്പെടുന്നത്. അതുകൊണ്ട് ബ്ലേഡ് കമ്പനികൾ പോലുള്ള കമ്പനികൾ ഒഴിവാക്കി functioning under a statute ഒരു സ്റ്റാറ്റ്യൂട്ടിന്റെ അടിസ്ഥാന ത്തിൽ രജിസ്റ്റർ ചെയ്ത പ്രവർത്തിക്കുന്ന കമ്പനികൾ ആയിരിക്കണം. അതിനുവേണ്ടിയാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : ഈ സ്റ്റാറ്റ്യൂട്ട് അനുസരിച്ച് പ്രവർത്തിക്കുന്ന കമ്പനികൾ എന്ന് പ്രത്യേകം വച്ചാൽ അത് ബില്ലിനെ പരിമിതപ്പെടുത്തുകയാണ് ചെയ്യുന്നത്. വനം മുറിയ്ക്കുന്നതിനെ സംബന്ധിച്ചുള്ളതാണ് ഇവിടത്തെ പ്രശ്നം. ഇവിടെ ബ്ലേഡ് കമ്പനിക്കാർ അത് ചെയ്യുകയില്ലല്ലോ. അതുകൊണ്ട് അങ്ങനെയൊരു ഭേദഗതി വന്നാൽ ഇത് പരിമിതപ്പെടും. അങ്ങനെ അത് പരിമിതപ്പെടുത്തിക്കൂടാ. ഏത് കമ്പനി കളായാലും നടപടി എടുക്കാനുള്ള അധികാരം വേണം.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

11-ാം വകുപ്പ്

ശ്രീ. കാനം രാജേന്ദ്രൻ : സർ, ഞാൻ എന്റെ 93, 94 നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1. In clause 11 in the opening sentence delete the words "unauthorised officer and" appearing after the word "every"

2. In clause 11 in the opening sentence delete the words "his or" appearing in line 3.

ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഓതറയിസ്ഡ് ഓഫീസർ, എന്ന് പറയുന്നത് റെയിഞ്ച് ആഫീസർ ആണ്. ഈ റെയിഞ്ച് ഓഫീസർക്ക് സിവിൽ കോടതിയുടെ എല്ലാ അധികാരങ്ങളും കൊടുക്കുന്നതാണ് ഈ 11-ാം വകുപ്പ്. ഈ 11-ാ മത്തെ വകുപ്പിൽ ഇപ്പോഴും പല ബില്ലുകളും വരുമ്പോഴും ആ ബില്ലുകളിലെല്ലാം ഇങ്ങനെയൊരു വകുപ്പ് എഴുതിച്ചേർക്കാറുണ്ട്. നമ്മുടെ കമാൻഡ് ഏരിയ ഡെവലപ്പ്മെൻറ് അതോറിറ്റി ബില്ലിലും ഇത് ഉണ്ടായിരുന്നു. എന്നാൽ ലാ മിനിസ്റ്ററുടെ അദ്ധ്യക്ഷതയിൽ കൂടിയ സബ്ജക്ട് കമ്മിറ്റി ആ ഭാഗം എടുത്തുകളയുകയുണ്ടായി. ഇപ്പോഴും റെയിഞ്ച് ഓഫീസർമാർക്ക് സിവിൽ കോടതിയുടെ എല്ലാ അധികാരങ്ങളും കൊടുത്ത് സാക്ഷികളെ വിളിക്കാനും അതുപോലെ തന്നെ അവരെ വിസ്തരിക്കാനും അതുപോലെ തെളിവ് എടുക്കാനും ഇനി ഗവൺമെൻറ് നിശ്ചയിക്കുന്ന ഏതൊരു കാര്യങ്ങളും ചെയ്യുന്നതിനുമുള്ള അധികാരം കൊടുക്കുന്ന ഒരു വകുപ്പാണ് ഇത്. ഇത് വളരെ ജനാധിപത്യവിരുദ്ധമാണ്. ഇപ്പോഴും കമാൻറ് ഏരിയ ഡെവലപ്പ്മെൻറ് അതോറിറ്റി ഡെവലപ്പ്മെൻറ് അതോറിറ്റി ബില്ലിൽനിന്നും അത് എടുത്തുകളയുകയുണ്ടായി. അതുകൊണ്ട് ലാ മിനിസ്റ്ററുടെ അദ്ധ്യക്ഷതയിൽ കൂടിയ സബ്ജക്ട് കമ്മിറ്റി അക്കാര്യം തീരുമാനിച്ചതുകൊണ്ട് ഇതിൽ ലാ ഡിപ്പാർട്ടുമെൻറിനു വലിയ നിർബന്ധം ഉണ്ടാകുമെന്ന് തോന്നുന്നില്ല

ഇങ്ങനെയൊരു അധികാരം എല്ലാ റെയിഞ്ച് ഓഫീസർമാർക്കും കൊടുക്കുന്നത് വളരെഅപകടകരമാണ്. അതുകൊണ്ട് ഈ every Authorised Officer എന്നുള്ളതിൽനിന്ന് ഒതേറൈസ്ഡ് ഓഫീസർ എന്നുള്ളത് എടുത്തുകളയണമെന്നുള്ളതാണ് 93-ാം നമ്പർ ഭേദഗതി. അതിനു അനുരൂപമായിട്ടുള്ള ഭേദഗതിയാണ് 94-ാം നമ്പർ ഭേദഗതി. അതുകൊണ്ട് ഈ ഭേദഗതി അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കോട്ടിയേരി ബാലകൃഷ്ണൻ: സർ, ഇവിടെ ഈ 11-ാം വകുപ്പ് അനുസരിച്ച് അധികാരപ്പെടുത്തിയ ഓരോ ഓഫീസർക്കും അപ്പീൽ അധികാരസ്ഥാനം ഈ ആക്ടിന്റെ കീഴിൽ അദ്ദേഹത്തിന്റെ ജോലികൾ നിർവ്വഹിക്കുന്നതിനുവേണ്ടി സിവിൽ നടപടിപ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുന്ന സമയത്ത് സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കും എന്നാണ് ഇതിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇങ്ങനെ അധികാരം ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർക്ക് കൊടുത്താൽ ഒരു വലിയ സ്ഥിതിവിശേഷമുണ്ടാകും. സിവിൽ കോടതിയുടെ അധികാരങ്ങൾ എക്സിക്യൂട്ടീവിനു കൊടുക്കുന്ന ഈ പ്രവണത അവസാനിപ്പിക്കേണ്ടതാണ്. കമാൻഡ് ഏരിയ ഡവലപ്പ്മെൻറ് അതോറിറ്റി ബില്ലിനകത്തും ഇതുപോലുള്ള ഒരു വ്യവസ്ഥയുണ്ടായിരുന്നു. സബ്ജക്ട് കമ്മിറ്റിയുടെ ചർച്ചയ്ക്കുശേഷം ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ബിൽ കൊണ്ടുവന്ന് ഒരു ഭേദഗതിയോടെയാണ് ഈ സഭയിൽ അവതരിപ്പിച്ചത്. അത്തരത്തിൽ എക്സിക്യൂട്ടീവിനു അധികാരം നൽകുന്ന ഈ വകുപ്പ് എടുത്തുകളഞ്ഞുകൊണ്ട് ജുഡീഷ്യറിയെ പരിമിതപ്പെടുത്താനുള്ള നീക്കം അവസാനിപ്പിക്കുവാൻ വേണ്ടി ഈ വകുപ്പ് എടുത്തുകളയണമെന്നാണ് എനിക്ക് നിർദ്ദേശിക്കുവാനുള്ളത്.

95. ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. In clause 11 add the following at the end of sub-clause (c) namely :—

LIBRARY ARCHIVES Kerala Legislative Assembly

"Passing interlocutory orders ; and" ഈ ഭേദഗതി കൊണ്ട് ആതറൈസ്ഡ് ഓഫീസർക്ക് സിവിൽ പ്രൊസീഡ്യൂർ കോഡ് അനുസരിച്ച് അധികാരങ്ങൾ കൊടുക്കുന്നതാണ്. അങ്ങനെ ചില അധികാരങ്ങളെല്ലാം പറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ചില interrocutory orders ഉദാഹരണത്തിന് നിരോധിക്കാനുള്ള നിരോധന ഉത്തരവ് പാസ്സാക്കണമെന്ന് തോന്നിയാൽ അതിനും അധികാരം ഉണ്ടായിരിക്കണം. മുനിസിഫ് കോടതിക്ക് injunction കൊടുക്കാനുള്ള പൈറുണ്ട്. കാരണം ഇമ്മീഡിയറായിട്ട് വരാവുന്ന ഒരു അപകടം ഒഴിവാക്കാൻവേണ്ടി ഒരു താൽക്കാലിക ഉത്തരവ് പാസ്സാക്കാൻ മുനിസിഫ് കോടതിക്ക് അധികാരമുണ്ട്. അതുപോലെതന്നെ ഒരു സംഭവത്തെക്കുറിച്ച് താൽക്കാലിക ഉത്തരവുകൾ പാസ്സാക്കാൻ ഈ ആതറൈസ്ഡ് ഓഫീസർക്ക് അധികാരം നൽകുന്ന വ്യവസ്ഥകൂടി ഇതിനകത്ത് എഴുതിച്ചേർക്കണമെന്നാണ് ഈ ഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി എന്റെ 95-ാ മത്തെ ഭേദഗതി സ്വീകരിക്കണം. interlocutory orders എന്ന് പറഞ്ഞാൽ injunction ആണ്. ഇത് ഫലപ്രദമായി നടപ്പിലാക്കണം. മരം മുറിച്ച് കഴിഞ്ഞതിനുശേഷം പറഞ്ഞിട്ട് കാര്യമില്ലല്ലോ.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, ബഹുമാനപ്പെട്ട കാനം രാജേന്ദ്രൻ ഇതിനെക്കുറിച്ച് പറഞ്ഞു. 11-ാം വകുപ്പിലെ അധികാരങ്ങൾ ആതറൈസ്ഡ് ആഫീസർക്ക് ആവശ്യമാണ്. എന്നാൽമാത്രമേ കാര്യങ്ങൾ വേഗത്തിൽ നടപ്പിലാക്കാൻ കഴിയുകയുള്ളു. അതുപോലെതന്നെ നേരത്തെ അതിന്റെ ആവശ്യങ്ങൾ പറഞ്ഞ സാഹചര്യത്തിൽ രണ്ടാമത്തെ ഭേദഗതിയും സ്വീകരിക്കാൻ ബുദ്ധിമുട്ടുണ്ട്. ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ പറഞ്ഞ കാര്യം പ്രത്യേകമായി എടുത്തുപറയേണ്ട കാര്യമില്ല. ശ്രീ. കോടിയേരി പ്രത്യേക അവകാശങ്ങൾ കൊടുക്കുന്നതിനെക്കുറിച്ച് പറഞ്ഞു. ഇതുപോലുള്ള കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് അത്യാവശ്യമായ ഘടകമാണ് ഇത്.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

12-ാം വകുപ്പ്

ശ്രീ. കാനം രാജേന്ദ്രൻ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. "In clause 12 after the words "any officer" insert the words "not below the rank of a Ranger".....

ഇതിനകത്ത് ആതറൈസ്ഡ് ഓഫീസർ or any other Officer എന്ന് പറഞ്ഞിട്ടുണ്ട്. Any other Officer എന്ന് പറഞ്ഞാൽ അത് ആരാണ് എന്നുള്ളതിനെക്കുറിച്ച് യാതൊരു വ്യക്തതയുമില്ല. Any other Officer എന്ന് പറഞ്ഞാൽ ഫോറസ്റ്റ് ഗാർഡിന് ഏത് വസ്തുവിലും കയറി പരിശോധിക്കാനും അതുപോലെതന്നെ പോലീസിന്റെ സഹായത്തോടെ ഇതെല്ലാം ചെയ്യാനുള്ള അധികാരം കൊടുക്കുന്നു എന്നാണ്, അത് കുറച്ചുകൂടി ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥനായിരിക്കണമെന്നുള്ളതുകൊണ്ടാണ് 96-ാമത്തെ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്. In clause 12, add the following at the end namely :—

LIBRARY ARCHIVES Kerala Legislative Assembly

"Or any wilful omission has been committed". അതിന്റെ ഉദ്ദേശമെന്താണെന്നുവച്ചാൽ ചില കാര്യങ്ങൾ ചെയ്യാതിരുന്നാലും അതും കുറ്റകരമാണ് എന്നാണ്. അതുകൊണ്ട് ചെയ്യുന്നതും അനധികൃതമായി ചെയ്യുന്ന പ്രവർത്തിയും കുറ്റകരമാണ്. അനധികൃതമായി ചെയ്യാതിരിക്കുന്നതും കുറ്റകരമാണ്. ഇത് രണ്ടും ഈ നിർവ്വചനത്തിൽ വരണം. അതുകൊണ്ട് ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത് "Any wilful omission has been committed"....എന്നാണ്. മനഃപൂർവ്വമായി ഒരു നടപടി എടുക്കാതിരിക്കുന്നതും കുറ്റകരമാക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ പറഞ്ഞ കാര്യം പ്രത്യേകമായി എടുത്തുപറയേണ്ട കാര്യമില്ല. എല്ലാ അപാകതകളും ലംഘനങ്ങളും ഈ പരിശോധനയുടെ പരിധിയിൽപ്പെടും. അത് പ്രത്യേകമായി എടുത്തുചേർക്കേണ്ട കാര്യമില്ല. ഫലപ്രദമായ പരിശോധനയ്ക്കും കാലതാമസം ഒഴിവാക്കുന്നതിനും വെയ്ഞ്ചറെയാണ് ആതൈസ്ഡ് ഓഫീസറാക്കി വച്ചിട്ടുള്ളത്. അദ്ദേഹത്തിൽമാത്രം ഈ അധികാരം കേന്ദ്രീകരിച്ചതുകൊണ്ട് കാലതാമസം വളരെ കൂടാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട് റൂൾസ് തയ്യാറാക്കുന്ന അവസരത്തിൽ പ്രത്യേകിച്ച് മറ്റ് വിധത്തിലുള്ള ശിക്ഷകൂടി കേന്ദ്രീകരിക്കാം. അതുകൊണ്ട് ഫോറസ്റ്റർ വരെയുള്ളവരുടെ അവകാശം നിലനിറുത്തേണ്ടത് ആവശ്യമാണ്.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.
ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.
12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.
12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

13-ാം വകുപ്പ്

ശ്രീ. കാനം രാജേന്ദ്രൻ : സർ, എന്റെ ഭേദഗതികളും ഞാൻ അവതരിപ്പിക്കുന്നു.

(1) In clause 13, sub-clause (i) after the words "Other articles used" add the words "or intended to be used".

(2) In clause 13 sub-clause (i) after the words "Vehicles and animals used" add the words "or intended to be used".

(3) In clause 13, sub-clause (3) (a) delete the following words occuring at the beginning, namely :—

"if he is satisfied that the timber mentioned in such report is of any tree cut in contravention of section 4 or sub-section (2) of section 5 or a direction contained in a notification under sub-section (1) of section 5".

(105) In clause 13 delete the sub-clause 3 (b)

(106) In clause 13 delete sub-clause (4).

13-ാ മത്തെ വകുപ്പിൽ പറയുന്നത് : other articles used എന്നാണ്. Tools, ropes, chains, മുതലായവ ഈ മരം മുറിച്ചുകൊണ്ട് പോകുന്നയാളുകൾ അതിന് ഉപയോഗിച്ചിട്ടുണ്ടെങ്കിൽ മാത്രമേ അത് കണ്ടുകെട്ടേണ്ട കാര്യമുള്ളൂ. അതേ സമയം ലോറിയും ആനയും കൊണ്ടുവന്ന് മരം കയറ്റികൊണ്ടു പോകുന്ന സമയത്ത് മാത്രമേ ഇത് ചെയ്യാൻ പാടുള്ളൂ. അതേസമയം അതിനുവേണ്ടി tools, roper, chain മുതലായവ കൊണ്ടുവരികയും അപ്പോൾ ഉദ്യോഗസ്ഥൻമാർ ഇവരെ ചെന്ന് കാണുകയും ചെയ്താൽ അവർക്ക് ഇത് ചെയ്യാൻ

LIBRARY ARCHIVES Kerala Legislative Assembly

പാടില്ല. പിന്നെ ഉദ്യോഗസ്ഥൻമാർ ഉത്തരവ് കൊടുത്ത് ലോറിയിൽ കയറണം. അതിനുശേഷം മാത്രമേ ലോറി പിടിച്ച് എടുക്കാൻ പാടുള്ളൂ. അതുകൊണ്ട് നിയമം വ്യാഖ്യനിച്ച് വരുമ്പോൾ അതിനു വളരെയേറെ ബുദ്ധിമുട്ടുണ്ടാകുമെന്നുള്ളതുകൊണ്ട് ഇതിന് ഉപയോഗിക്കാനുള്ള ഉദ്ദേശത്തോടുകൂടി കൊണ്ടുവന്നത് എന്നുകൂടി ചേർക്കണം. അതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നത്.

മരം മുറിക്കുന്നത് കണ്ടാൽ ഫോറസ്റ്റർക്കോ പോലീസുകാർക്കോ അത് പിടിച്ചെടുക്കാം. അതു കഴിഞ്ഞാൽ മജിസ്ട്രേറ്റ്ക്ക് റിപ്പോർട്ട് ചെയ്യണം എന്നുള്ളതാണ് 104-ാം നമ്പർ ഭേദഗതി. മജിസ്ട്രേറ്റ് സ്പെഷ്യൽ ഫസ്റ്റ് ക്ലാസ് കോടതിയിലേക്ക് വിടാം. അതല്ലെങ്കിൽ വെറുതെ വിടാം. ഇതിൽ മജിസ്ട്രേറ്റുടെ സ്പെഷ്യൽ ഫാക്ഷൻ എന്നു പറയുന്നത് സർക്കാരിന്റെ സ്പെഷ്യൽ ഫാക്ഷൻ ആകണമെന്നില്ല. അതുകൊണ്ട് അത് ഉപയോഗപ്പെടുത്താനുള്ള ഒരു വകുപ്പ് അതിനകത്ത് കാണുന്നുണ്ട്. അതുകൊണ്ട് റിപ്പോർട്ട് ചെയ്ത കേസ്സുകളും ഏതുണ്ടോ ആ കേസ്സുകളും കോടതിക്ക് വിടണമെന്നുള്ള ഭേദഗതി കൊണ്ടുവരണമെന്നുള്ളതാണ് 104-ാമത്തെ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്.

105-ാമത്തെ ഭേദഗതി 106-ാമത്തെ ഭേദഗതിക്ക് അനുസരണമായിട്ടുള്ളതാണ്. 106-ാമത്തെ ഭേദഗതി ഇല്ലെങ്കിൽ പിടിച്ച തടി തിരിച്ചു കൊടുക്കണമെന്നാണ്. ഈ ഭേദഗതി കൊണ്ടു വന്നില്ലെങ്കിൽ ഈ പിടിച്ച തടി മുറിച്ചയാളിന്റെ വീട്ടിൽ കൊണ്ടുകൊടുക്കേണ്ടിവരും. അതുകൊണ്ട് 106-ാമത്തെ ഭേദഗതിയും ഇതിൽ നിന്ന് ഒഴിവാക്കണം. ഇത് ചെയ്തിട്ടില്ലാന്നുണ്ടെങ്കിൽ വളരെ അപകടമുണ്ടാകും. അതുകൊണ്ട് ഈ ഭേദഗതികളും ഞാൻ അവതരിപ്പിക്കുകയാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

(100) In clause 13, sub-clause (1) delete the words "or any Police Officer not below the rank of Sub Inspector".

ഇതിൽ ഇപ്പോൾ ഒരു പോലീസ് ഓഫീസർ മാത്രമാണ് പറഞ്ഞിട്ടുള്ളത്. അത് പോരാ. ഒരു സബ് ഇൻസ്പെക്ടറിൽ കുറയാൻ പാടില്ല. അതുകൊണ്ടാണ് ഞാൻ ഈ ഭേദഗതിയിൽ പറഞ്ഞത്. "any Police Officer not below the rank of Sub Inspector" എന്ന്.

സബ് ഇൻസ്പെക്ടറാണെങ്കിൽ എല്ലാ പോലീസ് സ്റ്റേഷനിലും അവയിലബിളാണ്, ഇപ്പോൾ അഡീഷണൽ എസ്. ഐ. ഉണ്ട്. എസ്. ഐ. ഉണ്ട്. പോരാഞ്ഞിട്ട് ചില സ്ഥലത്ത് രണ്ടും മൂന്നും എസ്. ഐ. മാരുണ്ട്. അതുകൊണ്ട് ഒരാളിനെ കിട്ടും. ഒരു പോലീസിനെ അല്ലെങ്കിൽ ഹെഡ് കോൺസ്റ്റബിളിനെ വിളിച്ചുകൊണ്ടുപോയി ഇത് ചെയ്യുന്നതിനേക്കാൾ നല്ലത് സബ് ഇൻസ്പെക്ടറുടെ റാങ്കിൽ കുറയാതെയുള്ള ഒരു പോലീസ് ഓഫീസ്സർ എന്നുള്ള ഭേദഗതി ഈ രാജ്യത്തെ ജനങ്ങളുടെ രക്ഷയെ കരുതിയും അന്തസിനെ കരുതിയും സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

(101) In clause 13, sub-clause (1) for the word "carrying" substiute the word "removing". വൃക്ഷം മുറിക്കുന്നതിനും ആ ടിമ്പർ കടത്തിക്കൊണ്ടു പോകുന്നതിനുംവേണ്ടി ഉപയോഗിക്കുന്ന എല്ലാ പണിയായുധങ്ങളും അതുപോലെ തന്നെ വാഹനങ്ങളും കണ്ടുകെട്ടുന്നതിനുവേണ്ടിയുള്ള ഒരു വകുപ്പാണ് അത്. ഇവിടെ അനിമൽസും ചേർത്തിട്ടുണ്ട്. അനിമൽസിൽ ആനകൂടി ഉൾപ്പെടുമെന്നാണ് എന്റെ വിശ്വാസം. അങ്ങനെ ആന കൂടി

LIBRARY ARCHIVES Kerala Legislative Assembly

അനിമൽസിൽ ഉൾപ്പെടുമെങ്കിൽ ഒരു കാരണവശാലും carrying എന്നുള്ള വേഡ് ഉപയോഗിക്കാൻ പാടുകയില്ല. ആന തടി ചുമക്കാറില്ല. ചുമക്കാത്തതു കൊണ്ടാണ് carrying എന്നതിനു പകരം removing എന്ന വേഡ് സബ്സ്റ്റിറ്റ്യൂട്ട് ചെയ്യാൻ ആവശ്യപ്പെടുന്നത്. അത് റീസണബിളാണെന്നാണ് എന്റെ വിശ്വാസം. ആന തടി ചുമക്കാത്തതുകൊണ്ട്, ആന തടി വലിക്കുന്നതുകൊണ്ട് carrying എന്നുള്ളതു മാറി removing എന്നുള്ള വാക്ക് സബ്സ്റ്റിറ്റ്യൂട്ട് ചെയ്യണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, എന്റെ ഭേദഗതികളും ഞാൻ അവതരിപ്പിക്കുന്നു.

(101) In clause 13 sub-clause (1) insert the word "vessel" after the words "and all boats".

(102) In clause 13 sub-clause (2) for the words "a mark" substitute the words "a mark as may be prescribed"

തടിയും മറ്റു വസ്തുക്കളും പിടിച്ചെടുക്കാൻവേണ്ടിയുള്ള വ്യവസ്ഥകളെ സംബന്ധിച്ചാണ് ഈ വകുപ്പ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 13-ാം വകുപ്പ് സബ് ക്ലാസ്സ് 1 "vessel" എന്നുകൂടി and all boats എന്നു പറയുന്നതിന്റെ കൂടെ ചേർക്കണമെന്നാണ് എന്റെ ഭേദഗതി. 103-ാം ഭേദഗതിയിൽ 13 (2)-ൽ Every Officer seizing any timber under sub-section (1) shall place on such timber a mark....."

എന്നു മാത്രമേ പറയുന്നുള്ളു. "a mark as may be prescribed" എന്നുകൂടി ചേർക്കണമെന്നാണ് എന്റെ ഭേദഗതി.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, 98, 99 മുതലായി ഭേദഗതികളിലൂടെ ബഹുമാനപ്പെട്ട കാനം രാജേന്ദ്രൻ പറഞ്ഞു തടി കടത്താൻ വേണ്ടി ഉപയോഗിക്കുന്ന സാധനങ്ങളും പിടിക്കാൻ കഴിയണമെന്ന്. അത് ചിലപ്പോൾ നിയമം ദുരുപയോഗപ്പെടുത്താൻ ഇടയാകും. അതുകൊണ്ട് സാധനങ്ങളും കയറ്റിക്കൊണ്ടു പോകുമ്പോൾ പിടിക്കണമെന്നുള്ളത് തന്നെയാണ് നല്ലത്. അല്ലെങ്കിൽ അത് ദുരുപയോഗപ്പെട്ടെന്നു വരും. ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ പറഞ്ഞു പോലീസ് ഉദ്യോഗസ്ഥൻമാർക്ക് കൂടി അധികാരം കൊടുക്കണമെന്ന്. പോലീസുദ്യോഗസ്ഥൻമാർക്കും ഇന്നത്തെ നിലയിൽ മറ്റ് നിയമങ്ങളിലും ഇത് കണ്ടുപിടിക്കാൻ അവകാശമുണ്ട്. പക്ഷെ പോലീസുദ്യോഗസ്ഥൻ കണ്ടുപിടിച്ചാൽ അതു ആതറൈസ്ഡ് ആഫീസ്സറെയാണ് ഏൽപ്പിക്കേണ്ടത്. കേസ് നടത്തുന്നത് അദ്ദേഹമാണ്. അതുകൊണ്ട് പോലീസ്സിന്റെ മറ്റു വിധത്തിലുള്ള പ്രവർത്തനങ്ങളും ഇവിടെ ഉണ്ടാകുന്നതല്ല. ബഹുമാനപ്പെട്ട തങ്കപ്പൻ പറഞ്ഞു നീക്കം ചെയ്യുന്നു എന്നു കൂടി ചേർക്കണമെന്ന്. കടത്തിക്കൊണ്ടുപോകുന്നതും നീക്കം ചെയ്യുന്നതും തമ്മിൽ വ്യത്യാസമില്ല. മരം മുറിച്ചാലും ശിക്ഷാർഹമാണ്. അതിന് കേസ്സുണ്ട്. കടത്തിക്കൊണ്ടു പോകുന്നു എന്നതുകൊണ്ട് മറ്റേതിനും ബുദ്ധിമുട്ട് വരികയില്ല.

ബഹുമാനപ്പെട്ട കോടിയേരി പറഞ്ഞു തടി പിടിച്ചെടുക്കുന്ന ലിസ്റ്റിൽ vessel എന്ന് ചേർക്കണമെന്ന്. വനം നിയമത്തിലും ബോട്ടും മറ്റു കാര്യങ്ങളുമുണ്ട്. ഇതിന്റെ അത്യാവശ്യം ഇവിടെ ഇപ്പോൾ നേരിടുന്നില്ല. അതുപോലെ തന്നെ ഇത് അടയാളമിടുന്നതിനെക്കുറിച്ച് പറഞ്ഞു. ഇപ്പോൾ തന്നെ ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർക്ക് ഇതുപോലുള്ള തടികൾ പിടിച്ചാൽ അടയാളപ്പെടുത്താനുള്ള സംവിധാനമുണ്ട്. അത് ഇതിനും ഉപയോഗപ്പെടുത്താവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ജെ. തങ്കപ്പൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

14-ാം വകുപ്പ്

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഞാൻ 108-ാമത് ഭേദഗതി അവതരിപ്പിക്കുന്നു.

In clause 14 after the word "bond" add the words "with two solvent sureties". ഇതിൽ തടിയും അതുപോലുള്ള വസ്തുക്കളും ജാമ്യത്തിൽ വിടുന്ന വ്യവസ്ഥകളാണുള്ളത്. ഇതിൽ ബോണ്ട് എന്നു മാത്രം പറഞ്ഞാൽ പോരാ. ആരെങ്കിലും ചെന്ന് സെൽഫ് ബോണ്ട് എഴുതി വച്ചിട്ട് പോയാൽ മതിയോ ? ഉദാഹരണത്തിനു ശ്രീ. സീതിഹാജിയെപ്പോലെയുള്ള ഒരാൾ സെൽഫ് ബോണ്ട് എഴുതി വച്ചിട്ടു കടന്നാൽ പിന്നെ മഷിയിട്ടു നോക്കിയാൽ ആളെ കാണുകയില്ല. അതുകൊണ്ട് ഈ റൂളിൽ two solvent sureties എന്നു കൂടി എഴുതിച്ചേർക്കണമെന്ന് പറയുന്നത്. കുറ്റകൃത്യം ചെയ്യുന്നവനും രണ്ടു ജാമ്യക്കാരനുമാണ് ചട്ടത്തിലുള്ളത്. അല്ലാതെ ബോണ്ട് എന്നുമാത്രം പറഞ്ഞതുകൊണ്ടായില്ല. അതുകൊണ്ട് two solvent sureties രണ്ടു ജാമ്യക്കാർ വേണമെന്ന വ്യവസ്ഥ വേണം. ഞാനിതു എഴുതി വയ്ക്കണമെന്ന് പറയുന്നത് ഏതെങ്കിലും പ്രത്യേക ലക്ഷ്യം വച്ചുകൊണ്ടല്ല. ഒരു ഗവൺമെന്റ് എന്നുള്ള നിലയിൽ പ്രവർത്തിക്കാനാവശ്യമായ നിർദ്ദേശങ്ങളാണ് ഉന്നയിക്കുന്നത്. ഇക്കാര്യം മന്ത്രി പരിശോധിച്ചു എന്റെ ഭേദഗതി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഇവിടെ പിടിച്ചെടുക്കപ്പെടുന്ന ഉപകരണങ്ങളും മറ്റും വിട്ടുകൊടുക്കുന്നതു സംബന്ധിച്ച് ഏതു സമയത്തും ഹാജരാക്കിക്കൊള്ളണമെന്ന വ്യവസ്ഥയിൽ വിട്ടുകൊടുക്കണമെന്നാണ് എഴുതി വച്ചിട്ടുള്ളത്. ഇങ്ങനെ ഫോറസ്റ്റ് ഓഫീസർ കാട്ടുകൊള്ളക്കാരുമായി ചേർന്നുകൊണ്ട് സംഘടിതമായ കൊള്ളയാണ് നമ്മുടെ നാട്ടിൽ നടത്തുന്നത്. ഇങ്ങനെയൊരു വകുപ്പ് ഇതിനകത്ത് ഉൾപ്പെടുത്തിയാൽ ഏതു പിടിച്ചെടുക്കപ്പെടുന്ന സാധനവും വിട്ടുകൊടുക്കപ്പെടാം. അങ്ങനെ ഫോറസ്റ്റ് ഓഫീസർ അധികാരികൾക്ക് അധികാരം ദുർവിനിയോഗം ചെയ്യുന്നതിനുവേണ്ടിയുമുള്ള സൗകര്യമാണ് ഈ വകുപ്പിന്റെ ഫലമായി വന്നു ചേരാൻ പോകുന്നത്. അതുകൊണ്ട് ഈ വകുപ്പ് എടുത്തുകളയണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, 107-ൽ പറയുന്നതനുസരിച്ച് ഇന്നുള്ള അവകാശം അവരിൽ നിന്നും എടുത്തുകളഞ്ഞാൽ അതു ഭരണഘടനാപരമായ പ്രയാസങ്ങൾ കൂടുതലുണ്ടാക്കാനേ ഉപകരിക്കൂ. കൂടാതെ കാര്യങ്ങൾ മുൻപോട്ടു പോകാൻ ബുദ്ധിമുട്ടായിത്തീരും. ബോണ്ട് തയ്യാറാക്കുന്ന കാര്യത്തെപ്പറ്റി ശ്രീ. വർക്കല രാധാകൃഷ്ണൻ പറഞ്ഞു. അതു എപ്രകാരം തയ്യാറാക്കണമെന്ന് നിയമത്തിൽ എഴുതിച്ചേർക്കേണ്ട കാര്യമില്ല. റൂൾസ് തയ്യാറാക്കുമ്പോൾ അതിന്റെ വിശദാംശങ്ങൾ കൂടി ഉൾപ്പെടുത്താവുന്നതാണെന്ന് ഇപ്പോൾത്തന്നെ വ്യവസ്ഥയുണ്ട്. അതുകൊണ്ട് കോടതിയിൽ വിചാരണ കഴിഞ്ഞാൽ വിധിയുണ്ടാകാതിരിക്കാൻ നിവർത്തിയില്ല. എല്ലാ കേസ്സുകളിലും അങ്ങനെ തന്നെയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണന്റെ ഭേഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

14-ാം വകുപ്പു ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

Clause-15

Shri Varkala Radhakrishnan : Sir, I move that, in clause 15 after the words "for the trial of the accused" add the words "passing of judgement".

സർ, 15-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് വിചാരണയാണ്. ട്രയൽ എന്നു പറഞ്ഞാൽ വിചാരണയാണ്. അത് passing of judgement-ൽ കൂടി വരികയില്ല. അതുകൊണ്ട് വിചാരണ മാത്രം നടത്തിയാൽ പോരും. തീരുമാനമെടുക്കാൻ ജഡ്ജ്മെന്റ് പുറപ്പെടുവിക്കാനുള്ള അധികാരമുണ്ടായിരിക്കണം. ട്രയൽ എന്നു പറഞ്ഞതുകൊണ്ട് മാത്രമായില്ല passing of judgement എന്നുകൂടി ചേർക്കണം. അതിനുവേണ്ടിയാണ് ഈ ഭേഗതി. ഈ ഭേഗതി നിങ്ങൾക്ക് സ്വീകാര്യമാണെങ്കിൽ കൊള്ളാം. അല്ലെങ്കിൽ ട്രയൽ കൊണ്ട് അവസാനിപ്പിക്കാം. അതു, കൊണ്ട് ഈ ഭേഗതി മന്ത്രി പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, ഞാൻ അതാണു പറഞ്ഞത്. കോടതിയിൽ കേസ് ആർഗ്യുമെന്റ് കഴിഞ്ഞാൽ, തെളിവെടുപ്പ് കഴിഞ്ഞാൽ വിധി പറയാതിരിക്കാൻ നിവർത്തിയില്ല എന്ന്. അപ്പോൾ സ്വാഭാവികമായിട്ടും വിധിയുണ്ടാകും.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേഗതി സഭ നിരാകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

16-ാം വകുപ്പ്

(110) **Shri Kanam Rajendran** : Sir, I move that, in clause 16 sub clause (1) item (b) after the words "and on getting such permission may sell the Property' add the words "in public auction".

സർ, ഇതിൽ പിടിച്ചെടുത്ത തടി വിൽക്കുന്നതിനുകൂടി അധികാരം കൊടുത്തിട്ടുണ്ട്. അതേ സമയം അതിൽ പറയുന്നത് "(a) for permission to sell the property by such officer himself and on getting such permi ssion, may sell the property.... .." എന്നാണ്. ഇത് എങ്ങനെ വിൽക്കണമെന്നതിനെ സംബന്ധിച്ച് പറഞ്ഞിട്ടില്ല. എന്റെ ഭേഗതി 'may sell the property in public auction' എന്നാണ്.

സർ, ഇത് ലേലത്തിൽ തന്നെ കൊടുക്കണം. ഫോറസ്റ്റിൽ നിന്നും പിടിച്ചെടുക്കുന്ന തടി വിൽക്കുന്ന പ്രശ്നത്തെ സംബന്ധിച്ച് ധാരാളം ആക്ഷേപങ്ങൾ ഉള്ള കാലമാണ്. അതുകൊണ്ട് നിർബന്ധമായിട്ടും പബ്ലിക് ഓക്ഷനിൽത്തന്നെ വിൽക്കണമെന്നുപറഞ്ഞാൽ എങ്ങനെ വേണമെങ്കിലുമാകാം. നിയമത്തിൽ യാതൊരു വ്യവസ്ഥയും ചെയ്യുന്നില്ല. പിടിച്ചെടുത്ത ആളിനു തന്നെ എന്തെങ്കിലും പൈസ കൊടുത്ത് തിരിച്ചെടുക്കാം. എങ്ങനെ വിൽക്കണമെന്നൊന്നും പറയുന്നില്ല. അതുകൊണ്ട് 'may sell the property in public auction' എന്ന ഭേഗതി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വനംവകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, ലേലത്തിൽ ആദ്യം തന്നെ മറേറയാൾ പോകണമെന്ന് നിർബന്ധിക്കുന്നത് ശരിയാവുകയില്ല. അതുകൊണ്ട് ഡിപ്പാർട്ടുമെന്റ് നിശ്ചയിക്കുന്ന വില കെട്ടിവച്ചു അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

ആ തടിയെടുക്കാൻ തയ്യാറാകുന്നില്ലെങ്കിൽ അതു കൊടുക്കാമോ എന്നുള്ള കാര്യം പരിഗണിക്കും. അല്ലാത്തപക്ഷം അത് എങ്ങനെ വേണമെന്ന് വ്യക്തമായി റൂം ഉണ്ടാകുമ്പോഴം അതിൽ ഉംപ്പെടുത്തുകയും ചെയ്യാവുന്നതാണ്.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേഗതി സഭ നിരാകരിച്ചു.

16-ാം വകുപ്പു ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചിരിക്കുന്നു.

16-ാം വകുപ്പു ബില്ലിന്റെ ഭാഗമായിത്തീർന്നു.

Clause 17

Shri V. J. Thankappan: Sir, I move that, for clause 17 substitute the following, namely :—

"17 Saving of power to withdraw charge :—

Nothing herein before contained shall be deemed to prevent the authorised officer from the withdrawal of any charge or the release of any property seized under section 13 :

Provided that the powers under this section shall be exercised by the authorised officer only for sound and sufficient reasons to be recorded in writing and with the previous written approval of the Divisional Forest Officer concerned and with the permission of the court".

സർ, ഈ ബില്ലുകൊണ്ട് ഏതെങ്കിലും പ്രയോജനമുണ്ടാകുന്നെങ്കിൽ അത് മുഴുവനായി എടുത്തുകളയുന്നതിനുവേണ്ടിയാണ് ഈ വകുപ്പു ചേർത്തിരിക്കുന്നത്. അതുകൊണ്ട് രണ്ടു വാക്ക് വിശദമായി പറയാതിരിക്കുന്നത് ശരിയല്ല. പറയാതെ പോയാൽ അതിന്റെ ഉദ്ദേശം പുറത്തു വരുകയില്ല. സർ, ഇവിടെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറും ആതൊറൈസ്ഡ് ഓഫീസറും കൂടി യോജിച്ചാൽ മുറിച്ചെടുത്ത ഏത് തടിയും എപ്പോം വേണമെങ്കിലും റിലീസു ചെയ്യാം. (17-ാം വകുപ്പിൽ പറയുന്നത്, "Nothing herein before contained shall be deemed to Prevent the authorised officer from directing at any time the immediate release of any property seixed under section 13....." എന്നാണ്. അപ്പോം ഇങ്ങനെ പിടിച്ചെടുക്കുന്ന തടിയുംപ്പെടെയുള്ള എന്തു സാധനവും എപ്പോം വേണമെങ്കിലും പെട്ടെന്ന് റിലീസ് ചെയ്യാനുള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റാഫീസർക്കും ആതൊറൈസ്ഡ് ആഫീസർക്കും കൊടുക്കുന്നതാണ് ഈ പ്രത്യേക പ്രൊവിഷൻ 17. അത് എടുത്തു കളയണമെന്നാണ് എന്റെ സുഹൃത്ത് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത്. അത് ഒന്നുകിൽ എടുത്തു കളയണം അല്ലെങ്കിൽ റീകാസ്റ്റ് ചെയ്തിരിക്കുന്ന രീതിയിൽ അതിനെ അക്സപ്റ്റ് ചെയ്യണമെന്ന് ആർഗ്യുമെന്റ് റെസ്ട്രിക്ഷൻസ് കൊടുത്തിട്ടില്ലെങ്കിൽ എന്താണ് ഉദ്ദേശിക്കുന്നത്. തടി പിടിച്ചെടുക്കാനും അതിനെ കോൺകാസ്റ്റ് ചെയ്യാൻ വരെ നൽകിയിരിക്കുന്ന അധികാരത്തെ ദുർവിനിയോഗം ചെയ്യാനുള്ള ഒരവസരമാണ് 17-ാം വകുപ്പ് കൊണ്ട് ഉദ്ദേശിക്കുന്നത്. അതുകൊണ്ട് എന്റെ ഭേഗതി കൊണ്ടുദ്ദേശിക്കുന്നത് ഇത് ആതൊറൈസ്ഡ് ഓഫീസറുടെ, ഡിസ്ട്രിക്ട് ഫോറസ്റ്റ് ഓഫീസറുടെ സമ്മതത്തോടും കോടതിയുടെ സമ്മതത്തോടും കൂടി മാത്രമേ ചാർജ് പിൻവലിക്കാൻ പാടുള്ളു എന്നാണ്.

Shri Kanam Rajendran: Sir, I move that, in the proviso to clause 17, for the words "Divisional Forest Officer" substitute the words "the Chief Conservator of Forest".

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തങ്കപ്പൻ ആദ്യം സൂചിപ്പിച്ചതുതന്നെയാണ് എന്റെയും അഭിപ്രായം. എങ്കിലും മന്ത്രി അത് അംഗീകരിക്കാൻ സാദ്ധ്യതയില്ലെന്നുള്ളതുകൊണ്ടാണ് ഞാൻ ഒരു ഭേദഗതിയുടെ വിധത്തിൽ അവതരിപ്പിക്കുന്നത്. ഏതു സ്റ്റേജിലും ഇത് റിലീസ് ചെയ്യാനുള്ള അധികാരം ഡിസ്ട്രിക്ട് ഫോറസ്റ്റ് ഓഫീസർക്ക് കൊടുത്തിരിക്കുന്നു. അത് സ്വാഭാവികമായിട്ടും മാൽപ്രാക്ടീസിനുള്ള സാഹചര്യങ്ങളുണ്ടാക്കും. നമ്മുടെ വിശ്വാസത്തിൽ അല്പംകൂടി കുറവ് മുകളിലാണെന്നുള്ളതുകൊണ്ട് ഡിസ്ട്രിക്ട് ഫോറസ്റ്റ് ഓഫീസർക്കു പകരം ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് എന്നുള്ള ഭേദഗതി അവതരിപ്പിക്കുകയാണ്.

Shri Varkala Radhakrishnan : Sir, I move that, in clause 17 after the words "in respect of such porperty" add the words "with the sanction of the Court when the charge is laid".

സർ, ഞാൻ ഉദ്ദേശിക്കുന്നത് കേസുകൾ ഇഷ്ടാനുസരണം ആതറൈസ്ഡ് ഓഫീസർക്ക് പിൻവലിക്കാമെന്നുള്ളതാണ്. അങ്ങനെയാണ് ഇപ്പോൾ വ്യവസ്ഥ ചെയ്തിട്ടുള്ളത്. അത് പലവിധ അഴിമതികൾക്കും പരാതികൾക്കും ഇടയാക്കുന്നു. നമുക്കുതന്നെ അടുത്ത കാലത്ത് ഒരു അനുഭവമുണ്ട്. ശ്രീ. സീതിഹാജിക്കെതിരായി ഒരു കേസ് വന്നല്ലോ, കോടതിയിൽനിന്നും അത് പിൻവലിക്കാൻ ഹർജി ഹൈക്കോടതിയിൽവരെ പോയിട്ടു കൊടുത്തില്ല. അതുകൊണ്ട് നീതിപൂർവ്വമായി കാര്യങ്ങൾ നടക്കാനും അഴിമതി ഒഴിവാക്കാനും കോടതിയുടെ അനുമതിയോടുകൂടി മാത്രമേ ഇത് പിൻവലിക്കാൻ പാടുള്ളൂ. അല്ലാതെ സ്വന്തം നിലയിൽ തീരുമാനമെടുത്ത് പിൻവലിക്കാൻ ഹർജി കൊടുക്കുന്ന വ്യവസ്ഥ മാറണമെന്നുള്ളതാണ് എന്റെ ഭേദഗതി.

Shri Kodiyeri Balakrishnan : 13-ാം വകുപ്പുപ്രകാരം പിടിച്ചെടുത്ത ഏതു വസ്തുവും അതിൻമേൽ എന്തു തീരുമാനവും എടുക്കാൻ ഡിസ്ട്രിക്ട് ഫോറസ്റ്റ് ആഫീസർക്ക് അധികാരം നൽകുന്ന വകുപ്പാണ് ഇവിടെ ചേർത്തിരിക്കുന്നത്. അതിന്റെ ഫലമായി കോടതിയിലുള്ള കേസുകൾ പിൻവലിക്കാനും എന്തും ചെയ്യാനും അധികാരം ഫോറസ്റ്റ് ഓഫീസർക്ക് ഈ നിയമംമൂലം കൊടുക്കാൻ പോകുന്നതിന്റെ ഫലമായി ധാരാളം വെട്ടിപ്പുകളും തട്ടിപ്പുകളും നടത്താൻ ഇടവരുന്നു. കോടതിയിൽ ഇഷ്ടമുള്ള ആളുകളെ വിടാനും ഇഷ്ടമുള്ള ആളുകളെ കേസ്സിൽ ഉൾപ്പെടുത്താനും കഴിയത്തക്ക രീതിയിൽ ഈ വകുപ്പ് ദുർവിനിയോഗം ചെയ്യപ്പെടുമെന്നുള്ളതുകൊണ്ടും എടുത്തുകളയണമെന്നാണ് എനിക്ക് ഭേദഗതിമൂലം അവതരിപ്പിക്കാനുള്ളത്,

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് പിൻവലിക്കാൻ കോടതിയോട് ആവശ്യപ്പെടുന്നതിനായാലും, അത് ഒരു ആതറൈസ്ഡ് ഓഫീസർക്ക് മാത്രമല്ല, അതിനുതൊട്ട് മേലേയുള്ള ഉദ്യോഗസ്ഥനുകൂടി അത് റിപ്പോർട്ടു ചെയ്യാൻ അദ്ദേഹത്തിന്റെ അനുവാദം വേണം. അദ്ദേഹത്തിന്റെ അനുവാദം കിട്ടിയാൽ പോരാ കോടതി സമ്മതിച്ചാൽ മാത്രമേ ഇന്ന് നിലവിലുള്ള വ്യവസ്ഥയനുസരിച്ച് കേസ് പിൻവലിക്കാൻ കഴിയൂ. ഏതെങ്കിലും കേസുകളിൽ ഇപ്പോൾ തന്നെ ഗവൺമെന്റിൽനിന്ന് പിൻവലിക്കാൻ ഓർഡറായാലും, കോടതി അനുവദിച്ചാൽ മാത്രമേ അത് പിൻവലിക്കാൻ കഴിയൂ. അതുകൊണ്ട് ആ ഭാഗങ്ങളുംകൊള്ളുന്ന പോയിന്റുകൾ തീർച്ചയായിട്ടും കോടതിയുടെ അനുവാദത്തോടുകൂടിയേ ചെയ്യാൻ കഴിയൂ. അതുപോലതന്നെ ബഹുമാനപ്പെട്ട ശ്രീ. കാനം രാജേന്ദ്രൻ പറഞ്ഞപ്പോൾ ഇതിന് ഡി. എഫ്. ഒ. യുടെ റിപ്പോർട്ട് മാത്രം പോരാ സി. സി. എഫ്.-ന്റെ റിപ്പോർട്ടുകൂടി വേണമെന്ന് പറഞ്ഞു. സബ്ജക്ട് കമ്മിറ്റിയിൽ ആ പോയിന്റ് വളരെ വിശദമായി ചർച്ച ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഡി. എഫ്. ഒ. യുടെ റിപ്പോർട്ട് പോയി സി. സി. എഫ്നേറത് ആകുമ്പോഴേക്കുമൊക്കെ കാലതാമസം വരുത്താൻ ആണ് അത് ഉതകുന്നത്. അതുകൊണ്ടാണ് ആ ഭേദഗതി സബ്ജക്ട് കമ്മിറ്റിയിൽ വരുത്തിയിട്ടുള്ളത്.

ശ്രീ. വി. ജെ. തങ്കപ്പൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു. 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

18-20 വരെയുള്ള വകുപ്പുകൾ

18 മുതൽ 20 വരെയുള്ള വകുപ്പുകൾ ഭേദഗതിയില്ലാതെ സഭ വോട്ടിനിട്ട് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

18 മുതൽ 20 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായിത്തീർന്നു.

21-ാം വകുപ്പ്

Shri Kanam Rajendran : Sir, I move that, in clause 21, for the words "legal proceedings shall be against" substitute the words "legal proceedings shall lie against" ഇതിനകത്ത് പറഞ്ഞിരിക്കുന്നത് Legal proceedings shall be against the Government എന്നാണ്. അങ്ങനെയല്ല അതിന് കൊടുക്കേണ്ടത്. "Legal proceedings shall lie against" എന്നാക്കണം. എല്ലാ നിയമത്തിലും അങ്ങനെയാണ് അതിന്റെ ലീഗൽ എയിഡ്. അതുകൊണ്ട് ഈ Legal proceedings shall be against എന്നതിന് പകരം Legal proceedings shall lie aganist എന്നാക്കണം.

ശ്രീ. കെ. പി. നൂറുദ്ദീൻ : അത് പ്രിൻറിംഗ് മിസ്റ്റേക്കാണ്. ഭേദഗതി അംഗീകരിക്കുന്നു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

22-ാം വകുപ്പ്

Shri Kanam Rajendran : Sir, I move the following amendments :

(116) In clause 22, after the words "authorised Officer" add the following words namely :—

"on the grounds referred to in sub-section (1) (a) and (b) of section 5".

(117) In clause 22, for the words "cut, uproot, or burn or cause to be cut, uprooted or burnt" substitute the following words, namely :—

"cut, uproot, burn, or otherwise destroy, or cause to be cut, uprooted, burnt or otherwise destroyed".

116-ൽ പറയുന്നത് നേരത്തെ നമ്മൾ പാസ്സാക്കിയ സെക്ഷൻ 5 സബ് സെക്ഷൻ 1 'എ' യിലും 1 'ബി' യിലും പറയുന്ന സാഹചര്യത്തിൽ മാത്രമേ ഈ നിയമം നടപ്പിലാക്കുന്നതനുസരിച്ച് തടി വെട്ടുന്നതിനുള്ള അനുവാദം കൊടുക്കാൻ പാടുള്ളുവെന്നാണ്. സർ, ഇപ്പോൾ പറയുന്ന വകുപ്പിൽ ആ ഉദ്ദേശം വളരെ വ്യക്തമല്ല. അതുകൊണ്ടാണ് 116-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നത്. അതുപോലെതന്നെ ക്ലാസ് 5 (2)-ൽ സബ്ജക്ട് കമ്മിറ്റി വരുത്തിയ ഒരു ഭേദഗതിയുണ്ട്. അത് നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിച്ചതാണ്. സർ, ക്ലാസ് 5 (2)-ൽ സബ്ജക്ട് കമ്മിറ്റി വരുത്തിയ ഭേദഗതിക്കനുസൃതമായി ഈ 22-ാമത്തെ ക്ലാസിലും ഭേദഗതി വരുത്തിയെങ്കിൽ മാത്രമേ ഈ നിയമത്തിൽ ഉദ്ദേശിക്കുന്ന അർത്ഥം വ്യക്തമാകുമെന്നുള്ളതുകൊണ്ട് 116-ം, 117-ം ഭേദഗതികളും ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. നൂറുദ്ദീൻ : സർ, ഞാൻ ശ്രീ. കാനം രാജേന്ദ്രൻ ഇവിടെ പറഞ്ഞതുപോലെ അതിൽ പ്രത്യേകം എടുത്തു പറയേണ്ടകാര്യമില്ല.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചു.

22-ാം വകുപ്പ് സഭ വോട്ടിനിട്ട് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

23-ാം വകുപ്പും 24-ാം വകുപ്പും ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

23, 24 എന്നീ വകുപ്പുകളും ബില്ലിന്റെ ഭാഗമായിത്തീർന്നു.

25-ാം വകുപ്പ്

ശ്രീ. കാനം. രാജേന്ദ്രൻ : Sir, I move that, for clause 25, substitute the following clause, namely :—

"25. Power to remove difficulties :—

(1) If any difficulty arises in giving effect to the provisions of this Act, the Government may, by order published in the Gazette make such provisions not inconsistent with the provisions of this Act, which appear to them necessary for the purpose of removing the difficulty :

Provided that no such order shall be made after the expiry of two years from the date on which this Act is published in the Gazette.

(2) Every such order made under this Section shall, as soon as may be after it is made, be laid before the Legislative Assembly".

സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു ഭേദഗതിയാണ്. ഈ ക്ലാസ് 24 അനുസരിച്ച് സെക്ഷൻ 5 അനുസരിച്ചുള്ള നോട്ടിഫിക്കേഷനും, സെക്ഷൻ 23 അനുസരിച്ച് പുറപ്പെടുവിക്കുന്ന റൂംസും മാത്രം ഈ സഭയുടെ മേശപ്പുറത്ത് വച്ചാൽ മതി. സർ, സംശയങ്ങൾ ദൂരീകരിക്കുന്നതിനുവേണ്ടി പുറപ്പെടുവിക്കുന്ന റൂൾ 25 അനുസരിച്ചുള്ള നോട്ടിഫിക്കേഷൻ അതിൽ പലപ്പോഴും ആക്ടിനെതന്നെ മറികടക്കാനുള്ള സാദ്ധ്യതയുള്ളതുകൊണ്ട് സഭയുടെ മേശപ്പുറത്ത് നിർബന്ധമായും വയ്ക്കേണ്ടതാണ്. ഇത്രം ഒരു ഓർഡർ പുറപ്പെടുവിക്കുന്നതിന് ഒരു സമയപരിധി നിശ്ചയിക്കേണ്ടതുണ്ട് എന്ന് മാത്രമല്ല, സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ 18-ാമത്തെ റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുള്ളത്".....In future the provisions to be incorporated in an enactment for removing difficulties while giving effect to the provisions of the Act should be modelled on the lines of the provisions in the Central Act" എന്നാണ് പറഞ്ഞിരിക്കുന്നത്. സർ, സെൻട്രൽ ആക്ടിന്റെ ലൈനിൽ തന്നെ ഇത് ഉൾപ്പെടുത്തണം എന്ന് സബോർഡിനേറ്റ് ലെജിസ്ലേഷൻ ഗവൺമെന്റിനോട് ആവശ്യപ്പെട്ടതിനെ തുടർന്ന് ഗവൺമെന്റ് 20038/ലെജി.സി.1/77 ലാ ഡിപ്പാർട്ടുമെന്റ് 3-6-1977-ൽ തന്നെ ഒരു കത്തിൽ ഈ ശുപാർശ പൂർണ്ണമായി അംഗീകരിച്ചിരിക്കുന്നുവെന്ന് കമ്മിറ്റിയെ അറിയിച്ചിട്ടുണ്ട്. സർ കമ്മിറ്റിക്ക് നൽകുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഉറപ്പിനു വിപരീതമായിട്ടു ഇപ്പോഴും കേന്ദ്ര ആക്ടിൽനിന്നും വിരുദ്ധമായിട്ടുള്ള വകുപ്പാണു ഇവിടെ എഴുതി ചേർത്തിരിക്കുന്നത്. അതുപോലെ തന്നെ ഇപ്പോഴും ഇവിടെ കൊണ്ടുവന്ന കമാൻറ് ഏരിയാ ബില്ലിലും രണ്ടു വർഷത്തിനുശേഷം ഇതു മാറാൻ പാടില്ലെന്നു പറഞ്ഞിട്ടുണ്ട്. അങ്ങനെ ഗവൺമെൻറ് തന്നെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിക്കു ഉറപ്പുതന്നു. ആ ഉറപ്പു് സഭയ്ക്കു കൊടുക്കുന്ന ഉറപ്പാണു്, ലെജിസ്ലേച്ചർ കമ്മിറ്റിക്കുള്ള ഉറപ്പാണു്. ആ ഉറപ്പു് ലംഘിച്ചുകൊണ്ടാണു് ഇന്നു് ഇതിൽ 25-ാം വകുപ്പു് ഇവിടെകൊണ്ടു് വന്നിട്ടുള്ളതു്. അതുകൊണ്ടു് സെൻട്രൽ ആക്ടിൻറെ ലൈനിൽ അതു് തിരുത്തുകയും രണ്ടു് വർഷത്തിനുശേഷം ഇതു് പുറപ്പെടുവിക്കാൻ പാടില്ലെന്നു് പറയുകയും അതോടൊപ്പം തന്നെ അതനുസരിച്ചു് പുറപ്പെടുവിക്കുന്ന എല്ലാ നോട്ടിഫിക്കേഷനും ഈ സഭയുടെ മേശപ്പുറത്തു് വയ്ക്കണമെന്ന ഭേദഗതി ഞാൻ കൊണ്ടുവരികയാണു്.

ശ്രീ. കെ. പി. നൂറുദ്ദീൻ : സർ, ഈ ഉത്തരവു് പുറപ്പെടുവിക്കാനുള്ള ഗവൺമെൻറിൻറെ അവകാശത്തിനു് കാലപരിധി നിശ്ചയിക്കണമെന്നതു് അംഗീകരിക്കാൻ കഴിയുകയില്ല. അതേ അവസരത്തിൽ നിയമസഭയുടെ മുമ്പാകെ വയ്ക്കണമെന്നതു് അംഗീകരിക്കുന്നു. ഗസറ്റിൽ ഉൾപ്പെടുത്തണമെന്നതും അംഗീകരിക്കുന്നു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി ഭാഗികമായി സഭ അംഗീകരിച്ചു.

25-ാം വകുപ്പു് ബില്ലിൻറെ ഭാഗമാക്കാമോ എന്ന പ്രശ്നം സംബന്ധിച്ചു്

ഭേദഗതി ചെയ്ത പ്രകാരമുള്ള 25-ാം വകുപ്പു് ബില്ലിൻറെ ഭാഗമായി സഭ അംഗീകരിച്ചു. ഭേദഗതി ചെയ്ത പ്രകാരമുള്ള 25-ാം വകുപ്പു് ബില്ലിൻറെ ഭാഗമായിത്തീർന്നു.

26-ാം വകുപ്പു്

26-ാം വകുപ്പു് ബില്ലിൻറെ ഭാഗമായി സഭ അംഗീകരിച്ചു. 26-ാം വകുപ്പു് ബില്ലിൻറെ ഭാഗമായിത്തീർന്നു.

1-ാം വകുപ്പും പീഠികയും തത്പ്രഖ്യാപന വാക്യവും പേരും

(45) ശ്രീ വർക്കല രാധാകൃഷ്ണൻ : Sir, I move that, in the enacting formula after the words "Preservation of trees" add the words "and the Prevention of unauthorised felling of tres", ഇതിൽ ശകലം വിശദീകരണം ആവശ്യമാണു്. ഈ നിയമത്തിൽ ഇവർ കൊടുത്തിരിക്കുന്ന തലക്കെട്ടു് "The Kerala Preservation of Trees Bill" എന്നാണു്. അതു് ട്രീസ് ബില്ലു് എന്നു് പറയുമ്പോഴും നമ്മുടെ രാജ്യത്തിൽ പലവിധത്തിൽ ആളുകളും വൃക്ഷങ്ങളും വച്ചു് പിടിപ്പിക്കുന്നുണ്ടു്. നട്ടുവളർത്തുന്ന വൃക്ഷമുണ്ടു്, ഓമനിച്ചു വളർത്തുന്ന വൃക്ഷങ്ങളുണ്ടു്. പിന്നെ പാഴ്മരങ്ങളായിട്ടു് വളർത്തുന്ന വൃക്ഷങ്ങളുമുണ്ടു്. ഇതെല്ലാം നമ്മുടെ രാജ്യത്തെ ശീതോഷ്ണാവസ്ഥയെ അല്ലെങ്കിൽ, കാലാവസ്ഥയെ നിയന്ത്രിക്കുന്നതിനു് ആവശ്യമാണു്. ഞാൻ ഈ ബില്ലിൻറെ തത്വത്തിൽ പൂർണ്ണമായി യോജിക്കുന്ന ഒരാളാണു്. ഈ ബില്ലിൽ ചില വ്യവസ്ഥകളിൽ ചില പോരായ്മകളുണ്ടെന്നു് വരികിലും ഇങ്ങനെ ഒരു ബില്ലു് കേരളത്തിനു് ആവശ്യമാണു്. ഭാവി തലമുറയെ സംബന്ധിച്ചിടത്തോളം ഇതു് അത്യന്താപേക്ഷിതമാണു് എന്നു് അർത്ഥശങ്കക്കിടയില്ലാത്തവിധം കർശനമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണു്. ഈ നിയമത്തിൽ ഇതിൻറെ തലക്കെട്ടിൽ ഒരു മാറ്റം വരുത്തണം. അതു് ഉദ്ദേശിച്ചുകൊണ്ടാണു് ഞാൻ 45-ാം നമ്പർ ഭേദഗതി മൂവു് ചെയ്യുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

45-ാം നമ്പർ ഭേഗതിയിൽ after the words, "Preservation of trees" add the words "and the Prevention of unauthorised felling of trees" എന്നാണ് പറഞ്ഞിരിക്കുന്നത്. അനധികൃതമായി വൃക്ഷം മുറിക്കലിനെ നിരോധിക്കാൻ ആ നിയമത്തിന്റെ ഹെഡ്ഡിംഗിൽ വളരെ പ്രധാനമാണ്. "in the intrepretation of statues" എന്ന വ്യാഖ്യാനത്തിൽ കോടതികൾ ഇപ്പോഴും ആശ്രയിക്കുന്നതാണ് തലക്കെട്ടും പ്രിയാംപിളും ആണെന്നുള്ള ഉദ്ദേശത്തെ മുൻനിർത്തിയാണ് ഞാൻ പറഞ്ഞത്. Preservation of trees മാത്രം പോരാ "unauthorised felling of trees" എന്നുകൂടി വേണം. അൺ ആതറൈസ്ഡ് ഫെല്ലിംഗ് ഓഫ് ട്രീസ് "അനധികൃതമായി വൃക്ഷം മുറിക്കുന്നത് നിരോധിക്കുന്നതിനും കൂടിയാണ് ഇത്.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ ഈ നിയമത്തിലെ വ്യവസ്ഥകളെല്ലാം പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞാൽ ഈ ബില്ലിന്റെ ഉദ്ദേശ ലക്ഷ്യങ്ങളും നമുക്ക് നേടിയെടുക്കാൻ കഴിയും. അതുകൊണ്ട് മാറ്റം വരുത്തേണ്ട കാര്യമില്ല.

മി. സ്പീക്കർ : ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേഗതി സഭ നിരാകരിച്ചു. 1-ാം വകുപ്പും പീഠികയും തത്പ്രഖ്യാപന വാക്യവും പേരും ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു. 1-ാം വകുപ്പും പീഠികയും തത്പ്രഖ്യാപന വാക്യവും പേരും ബില്ലിന്റെ ഭാഗമായിത്തീർന്നു.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, വൃക്ഷങ്ങളുടെ സംരക്ഷണം സംബന്ധിച്ച 1984-ലെ കേരള ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ : സർ, സെക്ഷൻ 4-ൽ സബ് സെക്ഷൻ 5-ൽ പറയുന്നത് ഭൂമിയുടെ പരിധിയിൽ മരം മുറിക്കുവാനുള്ള അവകാശം ഒരു ഹെക്ടർ ഭൂമിയുള്ളവരെന്നാണ്. ഇങ്ങനെയൊരു വകുപ്പ് എഴുത്ത് ചേർക്കുന്നത് പാവപ്പെട്ടവരെ അല്ലെങ്കിൽ സാധാരണക്കാരെ ഒഴിവാക്കുകയെന്ന ഉദ്ദേശമാണെങ്കിൽ, എനിക്ക് പത്തോ പതിനഞ്ചോ ഏക്കർ സ്ഥലമുണ്ടെങ്കിൽ എനിക്ക് പുരകെട്ടി മരങ്ങളൊക്കെ മുറിക്കാം. നേരെമറിച്ച് നമ്മുടെ നാട്ടിൻ പുറത്ത് ½ഏക്കർ ഭൂമി കൈവശം ഉള്ളവന് അര ഏക്കറിൽ നിന്ന് തടി വെട്ടാൻ പാടില്ലെന്ന് പറയുന്നത് എന്ത് ഉദ്ദേശലക്ഷ്യമാണ്. ഒരു ഹെക്ടർ എന്ന നിർവ്വചനം ഇതിൽ കൊടുത്തതുമൂലം ആ നിർവചനത്തിന്റെ ഉദ്ദേശ ലക്ഷ്യം തകർക്കുന്നതും യഥാർത്ഥ ഭൂപ്രഭുക്കൻമാർക്ക് സ്വന്തം ഇഷ്ടമനുസരിച്ച് കണ്ടമാനം മരം വെട്ടാനുമുള്ള സൗകര്യം കൊടുക്കുകയാണ്. അതുകൊണ്ട് 3-ാം വായനയുടെ അവസരത്തിലെങ്കിലും ഇതിനെപ്പറ്റി ചിന്തിക്കണമെന്ന് വീണ്ടും ഞാൻ മന്ത്രിയോട് അഭ്യർത്ഥിക്കുന്നു. ഒരു ഹെക്ടർ ഭൂമി എന്നൊക്കെ നിർണ്ണയിക്കുന്നത്, ഭൂമിയുടെ കൈവശക്കാരൻ ഒരു ഹെക്ടർ ഉള്ളവൻ എന്നാക്കിത്തീർക്കുകയും പുരയിടമെന്നത് മാറ്റുകയും വേണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

ശ്രീ. ഇ. കെ. നായനാർ : സർ, വൃക്ഷങ്ങളുടെ സംരക്ഷണമാണ് ഈ നിയമം കൊണ്ട് ഉദ്ദേശിക്കുന്നതെങ്കിൽ, ഈ നിയമം പ്രയോജനപ്രദമാകുമോ എന്നുള്ള കാര്യം സംശയമാണ്. നിയമത്തിന്റെ ഉള്ളിൽ നിന്നുകൊണ്ട് വൃക്ഷങ്ങളെ ഇഷ്ടംപോലെ മുറിച്ചുമാറ്റുന്നതിനുള്ള "ലൂപ്പ് ഹോൾസ്" ഉൾപ്പെടുത്തിയാണ് ഈ നിയമത്തിലെ വ്യവസ്ഥകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

രൂപം നൽകിയിരിക്കുന്നതെന്നു കാണാൻ കഴിയുന്നുണ്ട്. വൃക്ഷങ്ങളുടെ നിർവ്വചനത്തിൽ തന്നെ ചന്ദനം, തേക്ക്, ഈട്ടി തുടങ്ങിയ 5, 6 ഇനം മരങ്ങളെ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ നിർവ്വചനത്തിൽ ഇത്രത്തോളം പരിമിതി വരുന്നതെന്തിനാണ് ? മഹാരാഷ്ട്ര ഫോറസ്റ്റ് പ്രിസർവേഷൻ ആൻഡ് ട്രീസ് ആക്റ്റിൽ നിന്നും ഞാൻ മനസ്സിലാക്കുന്നത് 45 സെൻറീമീറ്റർ വണ്ണവും 4 മീറ്റർ ഉയരവുമുള്ള ഏതിനത്തിൽപ്പെട്ട മരം മുറിക്കുന്നതിനെയും തടഞ്ഞിരിക്കുന്നുയെന്നതാണ്. ഈ അളവിൽപ്പെട്ട മരം രാജ്യത്തിൻെറ സമ്പത്തായി കണക്കാക്കികൊണ്ട് വീടിൻെറ ഒരു ഹെക്ടർ ചുറ്റളവിലുള്ളതായാലും അനുമതി കൂടാതെയും ഇഷ്ടം പോലെ മുറിക്കുന്നതും തടയാനുള്ള വ്യവസ്ഥ ചെയ്യണം.

(2) റെയിഞ്ചറുടെ കീഴലില്ലാത്ത ഉദ്യോഗസ്ഥനു മരംമുറിക്കാൻ അനുവാദം കൊടുക്കാം എന്നാണ് വ്യവസ്ഥ. ഈ അനുമതിയില്ലാത്ത 4, 2 വകുപ്പുകളിൽ വേണ്ടത്ര പഴുതുകളും ഉണ്ട്. വൃക്ഷം ജീവനോ വസ്തുവിനോ അപകടമാണെങ്കിലോ ഉണങ്ങിയോ കേടുവന്നതോ ആണെങ്കിലോ സ്വന്തം ആവശ്യത്തിനു കെട്ടിടം വയ്ക്കാനാണെങ്കിലോ മുറിച്ചുമാറ്റാൻ അനുമതി ചോദിച്ചാൽ അതിനനുമതി നിഷേധിക്കരുതെന്നാണ് വ്യവസ്ഥ. Permission shall not be refused എന്നാണ്. അതായത് ഇതിൽ ഒരു വൃക്ഷം എൻെറ ജീവനും സ്വത്തിനും അപകടകരമായിരിക്കുന്നുയെന്ന് പറഞ്ഞ് അത് മുറിച്ചു മാറ്റാൻ ഒരാൾ അനുമതി ചോദിച്ചാൽ അത് നിഷേധിക്കാൻ പാടില്ലെന്നാണ് വ്യവസ്ഥ. ഈ ദുർബലമായ വ്യവസ്ഥക്ക് പകരം, അത്തരം സാഹചര്യത്തിലെ നിജസ്ഥിതി മനസ്സിലാക്കി മാത്രമേ അനുമതി കൊടുക്കാവുയെന്ന് ഭേദഗതി ചെയ്യുന്നതല്ലേ നല്ലത്. Permission shall not be refused എന്നതിനു പകരം Permission may be granted എന്ന ഭേദഗതി വരുത്തുന്നതല്ലേ ഈ വകുപ്പിനെ ശക്തമാക്കാൻ സഹായിക്കുകയെന്ന് നോക്കണം. നിയമ വിരുദ്ധമായി മരം മുറിച്ചു മാറ്റുന്നതിനുപയോഗിച്ച ഉപകരണങ്ങളും, വാഹനങ്ങളും മറ്റും എങ്ങനെ ഡിസ്പോസൽ ചെയ്യണമെന്ന കാര്യത്തിൽ 15-ാം വകുപ്പിൽ അധികാരപ്പെടുത്തുന്നത് മജിസ്ട്രേറ്റിനെയാണ്. ഈ അധികാരം പൂർണ്ണമായും ഇല്ലായ്മ ചെയ്യുന്നതാണ് 17-ാം വകുപ്പ്. പിടിച്ചെടുത്ത സാധനങ്ങൾ ഡി. എഫ്. ഒ.യുടെ അംഗീകാരത്തോടെ വിട്ടുകൊടുക്കാം. പിടിച്ചെടുത്ത ഓഫീസർമാർക്ക് തന്നെ 18-ാം വകുപ്പനുസരിച്ച് സുപ്രധാനമായ അധികാരം കൊടുത്തിരിക്കുന്നു. ചുരുക്കത്തിൽ ഈ ബിൽ കൊണ്ട് ഉദ്ദേശിക്കുന്ന കാര്യം നടക്കുകയില്ലെന്ന് തോന്നുന്നു. കുറെ തസ്തികകൾ സൃഷ്ടിച്ച് ഖജനാവിൽ നിന്നും വർഷത്തോറും 54 ലക്ഷം രൂപ സംഭരിച്ചത് നഷ്ടപ്പെടുത്താം, അതിൽ അവരെ കുറ്റപ്പെടുത്താൻ സാദ്ധ്യമല്ല. വൃക്ഷങ്ങളുടെ സംരക്ഷണം യഥാർത്ഥമായി നടക്കണമെങ്കിൽ ഈ ബില്ലിൻെറ അലകും പിടിയും മാറ്റണം. അതിന് സമഗ്രമായൊരു ഭേദഗതി ആവശ്യമാണ്.

ശ്രീ. ടി. എസ്. ജോൺ : സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ഈ നിയമത്തെ സംബന്ധിച്ചുള്ള ഉദ്ദേശശുദ്ധിയെ ഞാൻ പ്രത്യേകമായി പുകഴ്ത്തുകയാണ്. മരം സംരക്ഷിക്കാനെന്നു പറഞ്ഞുകൊണ്ടുള്ള ഒരു നിയമമാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. പക്ഷെ മരം കുഴിച്ചു വയ്ക്കുന്നതിന് സ്വകാര്യവ്യക്തികൾക്കുള്ള ഇൻസെൻറീവ് ഇതുമൂലം നഷ്ടപ്പെടുമോയെന്ന സംശയം എനിക്കുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് ഒരു ഹെക്ടറിൽ കൂടുതൽ മരം മുറിക്കരുതെന്നാണ്. ഒരു ഹെക്ടർ വസ്തുവിലുള്ള മരംപോലും പാവപ്പെട്ട കൃഷിക്കാർക്കു മുറിച്ചെടുക്കാൻ പാടില്ലാത്തരീതിയിൽ ആക്കി മുഴുവൻ കർഷകരെയും

LIBRARY ARCHIVES Kerala Legislative Assembly

ഉപദ്രവിക്കണമെന്ന സമീപനമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉദ്ദേശിക്കുന്നത്. അതേസമയം കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ ഇൻസെൻറീവ് നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ടെന്ന് ഞാൻ കരുതുന്നതിനു കാരണം ഈ 10 ഇനം മരങ്ങളും ഇനിയും മേലിൽ കൃഷിക്കാർ കുഴിച്ചുവയ്ക്കാതിരിക്കാനാണ് ഈ നിയമംമൂലം ഉണ്ടാകാൻ പോകുന്നത്. അതുപോലെ ഈ നിയമം as a whole ജനങ്ങളുടെ ഇടയിൽ വരുമ്പോഴും 10 ഇനം മരങ്ങളെ സംബന്ധിച്ചിടത്തോളം ഫോമിലി പ്ലാനിംഗ് നടപ്പിലാക്കുന്നതുപോലെ തോന്നുന്നു. ഉള്ളതു വെട്ടിയെടുക്കാൻ സാധിക്കുകയില്ല. പുതിയതായിട്ട് ഒന്നും ഉണ്ടാകുകയുമില്ല. അതുകൊണ്ട് കാക്ക കൊണ്ടോന്നിട്ടാലും അത് പറിച്ചു കളയും. ആ രീതിയിലുണ്ടാകാതിരിക്കാൻ റൂൾസ് ഉണ്ടാക്കുമ്പോഴും ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കേണ്ട ഒരു നയം ഒരു മരം വെട്ടിയെടുക്കാൻ അനുവദിക്കുമ്പോഴും 2 മരം വച്ചു പിടിപ്പിക്കാനുള്ള റൂൾസ് ഈ നിയമത്തിൽ ഉണ്ടാക്കി കൃഷിക്കാർക്ക് ഇൻസെൻറീവ് ഉണ്ടാക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ബഹുമാനപ്പെട്ട ഭരണകക്ഷിയംഗവും ഏതാണ്ട് ഒരുപോലുള്ള ഒരു നിഗമനത്തിൽ എത്തിയിരിക്കുന്നു, കാരണങ്ങൾ വ്യത്യസ്തമായിരിക്കാം, പക്ഷെ എത്തിച്ചേരുന്നത് ഏതാണ്ട് ഒരേ ദിക്കിലാണെന്നാണ് കാണാൻ ശ്രമിക്കുന്നത്. ഞാൻ പറയാൻ ഉദ്ദേശിക്കുന്നത് ഈ നിയമത്തിലെ കാതലായിട്ടുള്ള ഭാഗങ്ങൾ 4, 5 വകുപ്പുകൾ ആണ്. ആ 4, 5 വകുപ്പുകൾ അവ്യക്തത നിറഞ്ഞതാണ്. പല ഉദ്യോഗസ്ഥൻമാർക്കും പല വിധത്തിൽ വ്യാഖ്യാനം നിർണ്ണയിക്കാൻ സാധിക്കും. ആ വകുപ്പ് ഭേദഗതിയനുസരിച്ച് കോടതിയിൽ നില നിൽക്കാൻ പ്രയാസമാണ്. അത് പ്രയാസമാണോ അല്ലയോയെന്ന് നോക്കേണ്ടതേ അല്ലേ. ആ വകുപ്പുകൾ പോയിയെന്ന് വച്ചാൽ പിന്നെ ഈ നിയമം നിലനിൽക്കാൻ പാടില്ല. ഈ സംസ്ഥാനത്തെ റിസർവ്വ് ഫോറസ്റ്റ് ഏതാണ്ട് അവസാനിച്ചിരിക്കുന്നു. മലബാറിൽ സ്വകാര്യവനങ്ങളെന്നു പറയുന്ന സ്ഥലങ്ങളേയില്ല. ഞങ്ങൾ ഈ കഴിഞ്ഞ വെള്ളിയും ശനിയും ഏതാണ്ട് 400-ഓളം കിലോമീറ്റർ ഇടുക്കി ജില്ലയിൽകൂടി സഞ്ചരിച്ചു. ഒരൊറ്റ റിസർവ്വ് ഫോറസ്റ്റ് പോലും എനിക്ക് കാണാൻ സാധിച്ചില്ല. പല ഭാഗത്തും ഞാൻ ചെന്നപ്പോൾ ഞങ്ങളുടെ കൂടെയുള്ള ആൾക്കാർ ചോദിച്ചു ഇത് ഫോറസ്റ്റാണോയെന്ന്. എന്നാൽ ഫോറസ്റ്റ് എന്നു പറയുന്ന ഇനമേ അവിടെയൊന്നുമില്ല. ഒന്നാം ക്ലാസ് ഫോറസ്റ്റുകളായ സ്ഥലങ്ങളാണ് പക്ഷെ അവിടെയൊന്നും ഫോറസ്റ്റുകളും ഇല്ല. പല പ്രദേശങ്ങളും വെറുതെ കിടക്കുകയാണ്. ഇതിൽ പറഞ്ഞതായിട്ടുള്ള മരങ്ങളെ സംബന്ധിച്ചിടത്തോളം ചെമ്പകം എന്ന് പറഞ്ഞാൽ നമ്മുടെ ചെമ്പകപൂവിൻറെ വൃക്ഷമല്ല. അതാണോയെന്ന് ഞാൻ ആദ്യം വിചാരിച്ചു. അങ്ങനെയല്ല ചെമ്പകമെന്നു പറയുന്നത് ഒരു കാട്ടുവൃക്ഷമാണ്, ചെമ്പകപൂവൃക്ഷമല്ല. ഈ പറയുന്നത് ഫർണിച്ചറും വണ്ടികളും, വീടുണ്ടാക്കാനായിട്ടും ഉപയോഗിക്കുന്നതായിട്ടുള്ള വൃക്ഷമാണ്. ഇത് സാധാരണഗതിയിൽ ധാരാളം മഴയുണ്ടാകുന്ന പ്രദേശങ്ങളിൽ ഉണ്ടാകുന്നവയാണ്. നിയമസഭാ സെക്രട്ടേറിയറ്റ് വളരെ പ്രയോജനകരമായി ഞങ്ങൾക്ക് തന്നതായിട്ടുള്ള നോട്ടിൽ പറയുന്നത് ആ വൃക്ഷത്തിൻറെ തടിക്കൊണ്ട് ഫർണിച്ചറുണ്ടാക്കിയാൽ നല്ല പോളിഷ് കിട്ടുമെന്നാണ്. പിന്നെ ചടച്ചി, ഇത് പ്രധാനമായും ഉപയോഗിക്കുന്നത് പങ്കായമുണ്ടാക്കാനാണ്. ഇപ്പോൾ ഇൻലാൻഡ്-വാട്ടർ-അതോറിട്ടി ഒക്കെയുണ്ടല്ലോ. എറണാകുളത്തെ മുൻ എം. പി. യൊക്കെ അതിൻറെ ചെയർമാനായിരിക്കുന്നു. അദ്ദേഹം പറയുന്നത് ഒരു റീജിയണൽ ഓഫീസ്

LIBRARY ARCHIVES Kerala Legislative Assembly

അവിടെ തുറക്കാൻ പോകുന്നുയെണ്. അപ്പോഴും പങ്കായമൊക്കെ ധാരാളം വേണ്ടിവരും. അതുപോലെ തന്നെ "ചീനി" ചിനി എന്നു പറഞ്ഞതായിയിട്ടുള്ള മരം ബോട്ടുകൾ ഉണ്ടാക്കാനും, വഞ്ചികളുണ്ടാക്കാനുമായിട്ട് ഉപയോഗിക്കുന്നു. ഇത്തരത്തിലുള്ള മരങ്ങളൊക്കെയാണ് ഈ റെസ്ട്രിക്ഷനിൽ വന്നിട്ടുള്ളത്. അതുകൊണ്ട് വളരെയധികം സൂക്ഷിച്ച് ഇത് ഉപയോഗിക്കേണ്ടതാണ്. ഞാൻ എന്റെ 118-ാം ഭേഗതി അവതരിപ്പിക്കുന്നില്ലെന്ന് പറഞ്ഞു. അതു പറയാനുള്ള കാരണം ഇതിൽ ക്ലാസ് 23 ബി-ൽ the terms and conditions subject to which permission may be granted എന്നുണ്ട്. ഏതാണ്ട് അതേ ആശയം തന്നെയാണ് എന്റെ 118-ാം ഭേഗതിയിലും പറഞ്ഞിരിക്കുന്നത് അത് അവതരിപ്പിച്ചാൽ കോടതിയിൽ പോയിട്ട് ഇതെപ്പറ്റി അന്വേഷിക്കുമ്പോഴും സഭയിൽ ഇത് വന്നിരിക്കുന്നു എന്ന ബുദ്ധിമുട്ടുണ്ടാകാതിരിക്കാനായിട്ടാണ് ഞാൻ അത് പിൻവലിച്ചത്. ആ ടേംസ് ആൻഡ് കണ്ഡീഷൻസ് ഉണ്ടാക്കുമ്പോഴും വളരെ സൂക്ഷിച്ചു ഉണ്ടാക്കേണ്ടതാണെന്ന് ഞാൻ പ്രത്യേകം ഗവൺമെൻറിനെ ഓർമിപ്പിക്കുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഈ നിയമം കേരളത്തിൽ എല്ലാ സ്ഥലത്തും ബാധകമായ ഒരു നിയമമാണ്. നാലാം വകുപ്പ് അനുശാസിക്കുന്നതു പ്രൈവറ്റ് ഭൂമികളെ സംബന്ധിച്ചാണ്. 5-ാം വകുപ്പ് അനുശാസിക്കുന്നത് കാർഡമം ഹിൽസ്, പ്രൈവറ്റ് ഫോറസ്റ്റ്സ് എന്നീ സ്ഥലങ്ങളെ പ്രത്യേകമായി എടുത്തുപറഞ്ഞുകൊണ്ടാണ് അതിന്റെ എക്സ്പ്ലനേഷൻ (2)-ൽ പറയുന്നത് പ്രൈവറ്റ് ഫോറസ്റ്റ് 1971-ന് മുമ്പുണ്ടായിരുന്നതിനെ പറ്റിയും അതിനുശേഷം പ്രൈവറ്റ് കൈവശം വന്നതായിട്ടുള്ള കാര്യങ്ങളെ പറ്റിയുമാണ്. നമ്മുടെ നാട്ടിൽ ഇൻഡിസ്ക്രിമിനേറ്റായിട്ട് തടി വെട്ടുന്നത് നിരോധിക്കുന്നതിനുവേണ്ടി, തടികളെല്ലാം വെട്ടിനശിപ്പിച്ച കാലങ്ങളെല്ലാം കഴിഞ്ഞതിനുശേഷം ആളുകൾക്ക് അപ്രായോഗികമായി നടപ്പിലാക്കാനും അതുപോലെതന്നെ ആളുകൾക്ക് ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യുന്നതായിട്ടുള്ള ഒരു നിയമമാണിത്. ഈ നിയമത്തിൽ പറയുന്ന റോസ്വുഡ് സാധാരണ നമ്മുടെ നാട്ടിൻപുറങ്ങളിലൊക്കെ ഉപേക്ഷിക്കുന്നുണ്ട്. പക്ഷെ ചില ആളുകൾ നീക്കി വയ്ക്കുന്നുണ്ട്. അതുപോലെതന്നെയാണ് ചടച്ചി എന്നുപറയുന്ന മരം. ചടച്ചി എന്നതിനെ സംബന്ധിച്ച് ഞാൻ മനസ്സിലാക്കിയിരിക്കുന്നത് പൂവരശ് എന്നാണ്. അത് ഫർണിച്ചറുണ്ടാക്കുന്നതിനുവേണ്ടിയാണെന്നാണ് പറഞ്ഞിരിക്കുന്നത്. ഈ നിയമത്തിൽ ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുണ്ടാകാൻ പോകുന്നുവെന്ന് പറഞ്ഞത് അതുകൊണ്ടാണ്. കാരണം ഞങ്ങളുടെയൊക്കെ നാട്ടിൽ വേലി കെട്ടുന്നതിനു വേണ്ടിയാണ് ഈ ചടച്ചിയുടെ കൊമ്പും മറ്റും ഉപയോഗിക്കുന്നത്. ഞങ്ങളുടെ നാട് കാട്ടുമരങ്ങളില്ലാത്ത കടപ്പുറം പ്രദേശമാണ്. അവിടെ പല സ്ഥലങ്ങളിലും സമൃദ്ധിയായി വളരുന്നത് ഇതാണ്... ഞങ്ങളുടെ നാട്ടിൽ വേലികെട്ടുന്നതിനുപയോഗിക്കുന്ന ചടച്ചിയാണ് ഇപ്പോൾ ഫർണിച്ചറിനു വേണ്ടി ഉപയോഗിക്കുന്നത്. അപ്രകാരം ചെയ്യുന്നത് തടിയില്ലാത്തതുകൊണ്ടാണ്. ഇപ്പോൾ ഇവർ പോയപ്പോൾ കാട്ടിൽ മരങ്ങളൊന്നും കണ്ടില്ലെന്ന് പറഞ്ഞു. നമ്മുടെ നാട്ടിൽ ഇരുട്ടിക്കാനം ഉണ്ടായിരുന്നു. അതിപ്പോൾ വെളിച്ചക്കാനമായി. മൂന്നാറിലേക്ക് പോയിക്കഴിഞ്ഞാൽ അവിടെ ചെല്ലുമ്പോൾ തുരങ്കത്തിൽക്കൂടിപോകുന്ന പ്രതീതിയായിരുന്നു. 1957-ൽ ഞാൻ മന്ത്രിയായിരുന്ന കാലത്ത് ആ ഇരുട്ടിക്കാനത്തിൽക്കൂടി പോയിട്ടുണ്ട്. അന്ന് ഇരുട്ടായിരുന്നു. ഇന്ന് അവിടെ ഒന്നും ഇല്ല. ഒരു പുല്ലുപോലുമില്ല. ഒരു മരവും ഇല്ല. ഗവൺമെൻറ് ഭൂമികളിൽപ്പോലും ഇത്തരത്തിലാണ് സ്ഥിതി. ഈ നിയമം വളരെക്കൂടുതൽ കൃഷിക്കാർക്കും നാട്ടുകാർക്കും ബുദ്ധിമുട്ടുണ്ടാക്കുന്ന വിധത്തിലുള്ളതാണ്. ഇവിടെ ശ്രീ. കുഞ്ഞിക്കണ്ണൻ സംസരിച്ചപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

പാവപ്പെട്ടവരെ ഇതിൽനിന്ന് ഒഴിച്ചുവെന്ന് പറഞ്ഞു അല്ല. ഇതിൽ എഴുതി വച്ചിരിക്കുന്നതെന്താണെന്നോ ? ഒരു ഹെക്ടറിൽ റെസിഡൻഷ്യൽ ബിൽഡിംഗ് ഉള്ള സ്ഥലമാണ് ഒഴിച്ചിരിക്കുന്നത് ആയിരം ഏക്കർ ഉള്ളവനു മൂന്നു സ്ഥലത്ത് കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവിടെ മുന്നുസ്ഥലത്തും ബാക്കിയുള്ളവർ താമസിക്കുന്നുവെങ്കിൽ റെസിഡൻഷ്യൽ ബിൽഡിംഗ് ഉള്ള സ്ഥലമാണ്. എന്നാണ് എനിക്ക് 50 സെൻറ് സ്ഥലമുണ്ടെന്ന് വയ്ക്കുക. ഞാൻ അതിൽ 10 സെൻറിലാണ് താമസിക്കുന്നത്. വേറൊരു സ്ഥലത്താണെങ്കിൽ അവിടത്തെതടിവെട്ടാൻ പാടില്ല. ആവിധത്തിലാണ് ഈ നിയമം പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കുന്ന ഒരു നിയമമാക്കി നമ്മുടെ സ്റ്റാറ്റ്യൂട്ടിൽ വരാൻ പോകുന്ന ഒരു നിയമമാക്കി ഇത് നടപ്പിലാക്കാൻവേണ്ടിയുള്ള നടപടികളാണ് വരാൻ പോകുന്നതെങ്കിൽ വളരെക്കൂടുതൽ ബുദ്ധിമുട്ട് ജനങ്ങൾക്ക് ഉണ്ടാകും.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : സർ, ഈ നിയമം പാസാക്കണമെന്ന അഭിപ്രായക്കാനാണ് ഞാൻ. ഞാൻ ഈ നിയമത്തെ അതുകലിക്കുന്ന ഒരാളാണ്. ഈ നിയമത്തിൽ വളരെക്കൂടുതൽ വൃക്ഷങ്ങളെ ഉൾപ്പെടുത്തണമെന്നുള്ളതായിരുന്നു എന്റെ പരാതി. അത് ചെയ്തില്ല. ഇതൊന്ന് നല്ല രീതിയിൽ നടപ്പിലാക്കിയിട്ട് അടുത്തപടിയായി കൂടുതൽ വൃക്ഷങ്ങൾകൂടി ഉൾപ്പെടുത്തണമെന്നു പറയാനാണ് ഞാനീയവസരം ഇപ്പോൾ ആവശ്യപ്പെട്ടത്. അതുപോലെതന്നെ ഞാനിവിടെ ഒരു ഭേദഗതി അവതരിപ്പിച്ച്. സ്വീകരിച്ചില്ല. ഒരു പ്രത്യേക ഗർത്തിൽക്കുറഞ്ഞ വലിയ ഗർത്തുള്ള മരങ്ങളെക്കൂടി ഇതിൽ പ്ലാൻക്കറായി ഉൾപ്പെടുത്തണമെന്ന അഭിപ്രായമാണ് ഞാൻപറഞ്ഞത്. മന്ത്രി അത് അംഗീകരിച്ചില്ല. അംഗീകരിക്കാൻ ഭാവിയില്ലെങ്കിലും തയ്യാറാകണം. ഇത് ഫലപ്രദമായി നടപ്പിലാക്കുകയും പെർമിഷൻ കൊടുക്കുന്നതിനുള്ള നിയമമല്ലാതെ പെർമിഷൻ കഴിയുന്നിടത്തോളം നിഷേധിക്കുന്ന നിയമമായിട്ട് വേണമെങ്കിൽ നടപ്പിലാക്കാനാണ് എന്നുള്ള ഭാവമാണ് മന്ത്രിയ്ക്കുള്ളതെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, ഈ നിയമത്തെക്കുറിച്ച് ഈ സഭയിൽത്തന്നെ ഒരേഭാഗത്തുള്ളവർ തന്നെ വ്യത്യസ്ത അഭിപ്രായമാണ് രേഖപ്പെടുത്തിയത്. ഒരുകാര്യം അടിസ്ഥാനപരമായി പറയാൻ കഴിയും ഈ നിയമം പാസാക്കി എടുത്താൽ നമ്മുടെ നാട്ടിലെ വൃക്ഷങ്ങളെ സംരക്ഷിക്കുന്നതിന്, പ്രകൃതിയെ സംരക്ഷിക്കുന്നതിന്, മണ്ണൊലിപ്പ് തടയുന്നതിനെല്ലാം പ്രയോജനപ്പെടും. ഈ നിയമം സാധാരണ നാട്ടിൻപുറങ്ങളിൽ സ്വസ്ഥാനത്തൊട്ടാകെ ബാധകമാകുമെന്ന് പറഞ്ഞത് ശരിയാണെങ്കിൽപ്പോലും ഒരു കാര്യം ഞാൻ വീണ്ടും ആവർത്തിച്ചു പറയാൻ ആഗ്രഹിക്കുന്നത് ഈ നിയമമൂലം നിരോധിക്കപ്പെട്ട പത്തിനം മരങ്ങളിൽ നമ്മുടെ സാധാരണ ഉൾനാടൻ പ്രദേശങ്ങളിലെ കൃഷിക്കാരൻ വച്ചു വളർത്തുന്നതായിട്ടുള്ള മരങ്ങളുടെ ഇനങ്ങൾ വളരെ കുറവാണ് എന്നാണ്. എന്നുമാത്രമല്ല സാധാരണഗതിയിൽ പറഞ്ഞാൽ ഇപ്പോൾ സോഷ്യൽ ഫോറസ്ട്രി തേക്കിൻതൈകൾ വിതരണം ചെയ്തതുകൊണ്ട് തേക്കുകൾ വച്ചുപിടിപ്പിക്കുന്നുണ്ട്. മറെറാന്നും ഇങ്ങനെ വളർത്തുന്നില്ല. പിന്നെ നമ്മൾ വളരെ താൽപ്പര്യത്തോടുകൂടി വച്ചുവളർത്തുന്ന ചന്ദനം ഉണ്ട്. അതുകൊണ്ട് ഈ നിരോധനം സാധാരണഗതിയിൽ മറ്റുള്ളവരെ ബാധിക്കുകയില്ല. ഇതിൽ പറഞ്ഞിട്ടുള്ള പല ഇനങ്ങളും കാട്ടിൽ മാത്രമുണ്ടാകുന്നതാണ്. പിന്നെ ശ്രീമതി ഗൗരിയമ്മ ചടച്ചിമരത്തെപ്പറ്റി പറഞ്ഞു. ചടച്ചിയെന്നു പറയുന്നതിന്റെ വേറൊരു പേര് ഉന്നം ആണ്. അവർ ഏതാണുദ്ദേശിച്ചതെന്ന് എനിക്കറിയില്ല. ഞങ്ങളുടെയൊക്കെ നാട്ടിൽ ചടച്ചിയുടെ

LIBRARY ARCHIVES Kerala Legislative Assembly

കൊമ്പ് വലിച്ചെടുക്കാൻ ഉപയോഗിക്കാനുള്ളതല്ല. ഫർണിച്ചറിനുവേണ്ടി ഉപയോഗിക്കുന്നതായിട്ടാണ് കാണുന്നത്. അതിനെ ഒരു തരം മരമായിട്ടാണ് കണക്കാക്കുന്നത്. വേലിചെടുക്കാൻ വേണ്ടി അത് ഉപയോഗിക്കാറില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞപ്പോൾ വീട്ടുവളപ്പിലെ ഒരു ഫെക്ടർ സ്ഥലത്തെയും എല്ലാ മരത്തിനെയും ബാധകമാക്കണമെന്നു പറഞ്ഞു. അത് കൃഷിക്കാർക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുമെന്ന്. എല്ലാവർക്കുമറിയാവുന്നതാണ്. ഈ നിയമം പ്രായോഗികമായി നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ടൊന്നുമില്ല. നടപ്പിലാക്കേണ്ടതാണ്. അത് ഈ സംസ്ഥാനത്തിനത്യാവശ്യമാണ്. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ ഇടുക്കിയിൽ പോയ കഥ പറഞ്ഞു. അത് ശരിയാണ്. അക്കാര്യം ഞാൻ ഈ സഭയിൽ പലപ്പോഴും പറഞ്ഞിട്ടുള്ളതാണ്. പഴയകാലങ്ങളിലെല്ലാം ഇങ്ങനെയുള്ളനയം സ്വീകരിച്ചതിന്റെ ഫലമായി വനം നമുക്ക് കുറഞ്ഞു. അതൊരു വസ്തുതയാണ്. കുറയാതിരിക്കാൻ എന്താണ് മാർഗ്ഗം, എങ്ങനെ സംരക്ഷിക്കാൻ കഴിയും, എന്താണ് വേണ്ടതെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ആലോചിച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് ഈ നിയമം കൊണ്ടുവന്നത്. ഈ നിയമം പാസാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു,

വൃക്ഷങ്ങളുടെ സംരക്ഷണം സംബന്ധിച്ച 1984-ലെ കേരള ബിൽ പാസ്സക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. വൃക്ഷങ്ങളുടെ സംരക്ഷണം സംബന്ധിച്ച 1984-ലെ കേരള ബിൽ സഭ പാസ്സാക്കി.

2. 1986-ലെ കേരള സ്വകാര്യവനങ്ങളം (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേഗേതിബിൽ

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നുറുദ്ദീൻ) : സർ, സബ്ജക്ട് കമ്മറിറിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1986-ലെ കേരള സ്വകാര്യ വനങ്ങളം നിക്ഷിപ്തമാക്കലും/പതിച്ചുകൊടുക്കലും) ഭേഗേതി ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : സർ, ഞാൻ അതിനെ പിന്താങ്ങുന്നു.

ശ്രീ. പി. സീതിഹാജി : സർ, സബ്ജക്ട് കമ്മിറിറി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1986-ലെ കേരള സ്വകാര്യവനങ്ങളം (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേഗേതി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറിറിയുടെ പരിഗണനക്ക് അയക്കണമെന്ന ഭേഗേതി ഞാൻ അവതരിപ്പിക്കുന്നു. നമ്മുടെ ഭാരത ത്തിലെഏറെറവും വലിയ വിപ്ലവകരമായ ഒരുനിയമനിർമ്മാണമാണ് വനം. ഒരു നയാപൈസ പ്രതിഫലം കൊടുക്കാതെ ഒരു ലക്ഷത്തിൽ എൺപത്തയ്യായിരം ഏക്കർ ഭൂമി ഗവൺമെൻറിന്റെ ഉടമസ്ഥതയിൽ കൊണ്ടുവരാനാണ്. ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ അന്ന് പറഞ്ഞിരുന്നത് കൃഷിക്ക് ഉപയുക്തമാക്കുന്നതിനുവേണ്ടിയെന്നാണ്. ഈ സഭയിലെ ഗൗരിയമ്മ തൊട്ടുള്ള പല മെമ്പർമാരും ഈ ബില്ലിനെ ഭൂമി വിട്ടുകൊടുക്കുന്ന കാര്യത്തിലും മറ്റും വളരെ ശക്തമായി വാദിച്ചിട്ടുള്ളവരാണ്. 1972-ൽ ഈ നിയമത്തിനു ഒരു ഭേഗേതികൊണ്ടുവന്നു. ഒരാൾക്ക് നൂറേക്കർ ഭൂമിയുണ്ടെന്നു വയ്ക്കുക. അതുക്രിയർഫിൽ ചെയ്തു 50 ഏക്കർ തേക്കും 50 ഏക്കർ റബ്ബറും വച്ചു. അത് രണ്ടു മക്കൾക്കായി വീതിച്ചുകൊടുത്തു. ഒരു മകൻ കിട്ടിയത് റബ്ബർ വച്ചതും മറേറ മകൻ കിട്ടിയ ഭൂമി തേക്കും വച്ചതുമാണ്. റബ്ബർ വച്ചത് കിട്ടിയ മകന്റെ ഭൂമി സുരക്ഷിതവും തേക്ക് വച്ചുപിടിപ്പിച്ചത് കിട്ടിയ മകന്റെ ഭൂമി ഗവൺമെൻറിനു നിക്ഷിപ്തവുമായപ്പോൾ ഭൂപരിഷ്കരണ നിയമപ്രകാരം ഭൂമിയില്ലാത്ത ഒരാളാണെങ്കിൽ 15 ഏക്കർ ഭൂമി ആ കുടുംബ

LIBRARY ARCHIVES Kerala Legislative Assembly